# KOLO SURYOYO

**വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട് – മുഖപത്രം**

ലക്കം –1 പുസ്തകം – 2 മാർച്ച് – 2008


# പ്രകാശനം നിർവ്വഹിച്ചു



*കോലോ സുറിയോയുടെ പ്രകാശന കർമ്മം അഭിവന്ദ്യ തോമസ് മാർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് ഭദ്രാസന സെക്രട്ടറി വന്ദ്യ കുറിയാക്കോസ് കോർ എപ്പിസ്ക്കോപ്പ കിഴക്കേടത്തിനു നൽകി നിർവ്വഹിക്കുന്നു. പ്രസിഡന്റ് റവ. ഫാ. കുറിയാക്കോസ് കാലായിൽ, എഡിറ്റർ സുരേഷ് ജോൺ കൈപ്പള്ളിൽ, ജിജോ റ്റി. മാത്യൂസ് തൊട്ടിയിൽ, സെക്രട്ടറി അലൻ വർഗീസ് വാലയിൽ, ഷിജു പി. വർഗീസ് പെരുമാനൂർ എന്നിവർ സമീപം.*

മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരണം ആരംഭിച്ച കോലോ സുറിയോയുടെ പ്രകാശന കർമ്മം കോട്ടയം ഇടവകയുടെ അഭിവന്ദ്യ ഡോ. തോമസ് മാർ തീമോത്തിയോസ് തിരുമനസ്സുകൊണ്ട് ഭദ്രാസന സെക്രട്ടറി വന്ദ്യ കുറിയാക്കോസ് കോർ എപ്പിസ്ക്കോപ്പ കിഴക്കേടത്തിനു നൽകി നിർവ്വഹിച്ചു. ദൈവീകവും, സൃഷ്ടിപരവുമായ കാര്യങ്ങളിലേക്ക് യുവജനതയെ നയിക്കുവാൻ സാധിക്കുന്നത്. കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ സഹായകരം എന്ന് അഭിവന്ദ്യ തിരുമേനി കൽപ്പിക്കുകയും, യൂത്ത് അസോസിയേഷന്റെ എല്ലാ നല്ല പ്രവർത്തികളെയും അഭിനന്ദിക്കുകയും ചെയ്തു. ആരാധന, പഠനം, സേവനം വിശ്വാസ സംരക്ഷണം, സുവിശേഷ ഘോഷണം എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങൾ നേടുവാൻ കോലോ സുറിയാനിയുടെ പ്രകാശനം സഹായിക്കും എന്ന് ഭദ്രാസന സെക്രട്ടറി കുറിയാക്കോസ് കോർ എപ്പിസ്ക്കോപ്പ കിഴക്കേടത്ത് അഭിപ്രായപ്പെട്ടു.

ഈ പ്രസിദ്ധീകരണത്തിന് ഉചിതമായ പേര് ഏതെന്ന് ചിന്തിച്ചപ്പോൾ 1979–ൽ ഹോളണ്ടിൽനിന്നും അഭിവന്ദ്യ യേശു ശിശക്ക് റമ്പാന്റെ (പിൽക്കാലത്ത് മോർ യൂലിയോസ് തിരുമേനി) നേതൃത്വത്തിൽ പ്രസിദ്ധീകരണം ആരംഭിച്ച കോലോ സുറിയോയോ എന്ന പ്രസിദ്ധീകരണം ഞങ്ങളുടെ ഓർമ്മയിൽ വന്നു. 1970 – കളിൽ തുർക്കിയിലെ ക്രൂരമായ മത പീഡനത്താൽ യൂറോപ്പിന്റെ വിവിധ രാജ്യങ്ങളിലേക്ക് കുടിയേറിപ്പാർത്ത സുറിയാനിക്കാരെ ഒരുമിപ്പിക്കാൻ ഈ പ്രസിദ്ധീകരണം വഹിച്ച പങ്ക് വളരെ വലുതാണെന്നും ഇന്ന് ജർമ്മനിയിൽ മാത്രം 70–ഓളം ദൈവാലയങ്ങൾ സുറിയാനി സഭയ്ക്കുണ്ട്. യൂറോപ്പിലെ എല്ലാ രാജ്യങ്ങളിലും ഇന്ന് സുറിയാനി സഭയ്ക്ക് ഭദ്രാസനങ്ങളും ദേവാലയങ്ങളും ഉണ്ട്. വാർത്താവിനിമയ മാധ്യമങ്ങൾ തുലോം ചുരുക്കമായിരുന്ന അക്കാലത്ത് ഈ പ്രസിദ്ധീകരണം വഹിച്ച പങ്ക് ഒരിക്കലും വിസ്മരിക്കാവുന്നതല്ല. എളിയതോതിലെങ്കിലും പ്രഖ്യാപിത ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിൽ ഈ പ്രസിദ്ധീകരണം സഹായിക്കും എന്ന് ഞങ്ങൾ ദൈവത്തിൽ പ്രത്യാശിക്കുന്നു. ആദ്യപ്രതി അച്ചടിക്കുവാൻ അത്യദ്ധ്വാനം ചെയ്ത മുൻ സെക്രട്ടറിയും യൂത്ത് അസോസിയേഷൻ കേന്ദ്രകമ്മിറ്റിയംഗവും ആയ മനോജ് പി. വി., സന്തോഷ്കുട്ടി കണിയാംപറമ്പിൽ, മോബിൻ കിഴക്കേപ്പറമ്പിൽ, അനൂപ്, അനിൽ വെള്ളാപ്പള്ളിൽ, റോബിൻ മണിമല, അജു മുണ്ടാനിക്കൽ, അനീഷ് തൊട്ടിയിൽ, റോണി വാണിയപ്പുരയ്ക്കൽ, എൽദോ വട്ടമല, സെന്റ് മേരീസ് പ്രസ് മണർകാട് എന്നിവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു. പോരായ്മകൾ ചൂണ്ടിക്കാട്ടിത്തന്ന നന്മനിറഞ്ഞ മനസ്സുകളോടും പരസ്യങ്ങൾ ആശംസകൾ എന്നിവ തന്നവരോടു നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും പ്രാർത്ഥനാപൂർവ്വമായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു

## കഷ്ടാനുഭവ ആഴ്ച ശുശ്രൂഷകൾ



ഈ വർഷത്തെ കഷ്ടാനുഭവ ആഴ്ച ശുശ്രൂഷകൾക്ക് അഭിവന്ദ്യ ഏലിയാസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത നേതൃത്വം നൽകുന്നതാണ്.




## മാർച്ചിൽ ഓർമിക്കാൻ

| തീയതി | |
|---|---|
| 10 | തെക്കരീസിലെ മോർ റൂസോയുടെ ഓർമ്മ |
| 14 | 40-ാം വെള്ളിയാഴ്ച |
| 16 | ഊശാനപ്പെരുന്നാൾ |
| 17 | രക്തസാക്ഷിയായ മോർ അലക്സിനോസിന്റെ ഓർമ്മ |
| 19 | അന്ത്യോഖ്യാപ്രതിനിധി സ്ലീബാമോർ ഒസ്താത്തിയോസ് (കുന്നംകുളം ആർത്താറ്റ് സിംഹാസനപള്ളി) ഓർമ്മ |
| 20 | പെസഹാ പെരുന്നാൾ |
| 21 | ദുഃഖവെള്ളിയാഴ്ച |
| 22 | കുറിയാക്കോസ് മോർ കൂറിലോസ് (അടൂർ) ഓർമ്മ |
| 23 | ഉയിർപ്പ പെരുന്നാൾ |
| 25 | വചനിപ്പ് പെരുന്നാൾ |

## വി. കുർബ്ബാന അർപ്പിച്ചു

മണർകാട് വി. മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ അന്ത്യോഖ്യാ പ്രതിനിധി അഭിവന്ദ്യ മോർ ഗ്രീഗോറിയോസ് ശെമവൂൻ സ്ലീബ മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് ഫെബ്രുവരി 17-ാം തീയതി ഞായറാഴ്ച വി. കുർബ്ബാന അർപ്പിച്ചു. 1964-ൽ പ. യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവായുടെ മലങ്കര സന്ദർശനവേളയിൽ പ. ബാവായുടെ സെക്രട്ടറിയായിരുന്ന അഭിവന്ദ്യ തിരുമനസ്സുകൊണ്ട് ഈ ദേവാലയം സന്ദർശിച്ചിട്ടുണ്ട്. യൂത്ത് അസോസിയേഷന്റെ ഉപഹാരം സെക്രട്ടറി സമർപ്പിച്ചു.

## മഞ്ഞിനിരിക്കര തീർത്ഥാടനം




മണർകാട് കേന്ദ്രമായുള്ള കിഴക്കൻ മേഖല മഞ്ഞിനിക്കര തീർത്ഥയാത്രയ്ക്ക് മണർകാട് വി. മർത്തമറിയം കത്തീഡ്രലിൽ 13.02.08-ൽ സ്വീകരണം നൽകി. പിറ്റേന്ന് വ്യാഴ്ച വെളുപ്പിന് 5 മണിക്ക് തീർത്ഥയാത്ര പുറപ്പെടുകയും വെള്ളിയാഴ്ച 10 മണിക്ക് വി. മോറാന്റെ കബറിങ്കൽ എത്തിച്ചേരുകയും ചെയ്തു. തീർത്ഥയാത്രക്കാരുടെ സൗകര്യാർത്ഥം യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ ഒരു ഫസ്റ്റ് എയ്ഡ് വാൻ യാത്രയിൽ ക്രമീകരിച്ചിരുന്നു.

## തീർത്ഥാടകർക്ക് നേർച്ച കഞ്ഞി



വിവിധ ദേവാലയങ്ങളിൽനിന്നും മഞ്ഞനിക്കര തീർത്ഥയാത്രയോടനുബന്ധിച്ച് മണർകാട് കത്തീഡ്രലിൽ വാഹനങ്ങളിൽ എത്തിച്ചേർന്ന വിശ്വാസികൾക്ക് യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ കഞ്ഞിവിതരണം നടത്തി. ഏതാണ്ട് 3000-ൽ അധികം ആളുകൾക്ക് നൽകുവാൻ സാധിച്ചു.

# വി. കുമ്പസാരം

**ആബൂൻ**

ഒരു ക്രിസ്ത്യാനി മാമോദീസായ്ക്ക്ശേഷം പ്രവർത്തിച്ചതായി ഏറ്റു പറയുന്ന പാപങ്ങളെ മോചിപ്പിക്കുന്ന വി. കൂദാശയാകുന്നു വി. കുമ്പസാരം. മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കും വീണ്ടെടുപ്പിനും എന്നേയ്ക്കുമുള്ള നവീകരണത്തിനുമായി മനുഷ്യാവതാരം ചെയ്ത യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷയിൽ പാപങ്ങൾ മോചിക്കുന്നത് കാണുവാൻ സാധിക്കും.

ശരീരിക ബലഹീനതയെ നീക്കുക മാത്രമല്ല താൻ ആത്മാവിന്റെ വൈദ്യൻ കൂടിയാണ് എന്ന് മാനവകുലത്തെ ബോദ്ധ്യപ്പെടുത്തിയ ഒരു സന്ദർഭമാണ് പക്ഷവാതക്കാരനെ സൗഖ്യമാക്കിയ സമയത്തു നിന്റെ പാപങ്ങൾ നിന്നോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നു കല്പിച്ചത്. (വി. മത്തായി 9:2).

കർത്താവ് തന്റെ സഭയെ സ്ഥാപിച്ചത് തന്റെ വേല തുടർന്നും നടത്തുന്നതിനുവേണ്ടി ആയതിനാൽ സഭയുടെ പ്രധാന ചുമതല പാപികളെ ദൈവത്തോട് നിരപ്പക്കുക എന്നുള്ളതാണ്. ഫിലിപ്പിന്റെ കൈസറിയായിൽ വച്ച് ശ്ലീഹന്മാരുടെ തലവൻ ആയ വി. പത്രോസിന് വി. സഭയെ ഭരമേല്പിക്കുമ്പോൾ പാപമോചന അധികാരം യേശു പത്രോസിനു നൽകുന്നു. നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും പാതാളഗോപുരങ്ങൾ അതിനെ ജയിക്കുകയില്ല എന്നു ഞാൻ നിന്നോടു പറയുന്നു. "സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നത് ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും" എന്നു ഉത്തരം പറഞ്ഞു (വി. മത്തായി 16-18-20).

ഉയർത്തെഴുന്നേറ്റ യേശു തന്റെ ശ്ലീഹന്മാർക്ക് പ്രത്യക്ഷനാകുമ്പോൾ അവർക്ക് പാപമോചനാധികാരം നൽകി ഇങ്ങനെ പറഞ്ഞശേഷം അവൻ അവരുടെ മേൽ ഊതി അവരോട് പരിശുദ്ധാത്മാവിനെ കൈക്കൊൾവിൻ ആരുടെ പാപങ്ങൾ നിങ്ങൾ മോചിപ്പിക്കുന്നുവോ, അവർക്കു മോചിക്കപ്പെട്ടിരിയ്ക്കുന്നു; ആരുടെ പാപങ്ങൾ നിർത്തുന്നുവോ അവർക്ക നിർത്തിയിരിക്കന്നു എന്നു പറഞ്ഞു. (വി. യോഹ. 20-22,23). നിരപ്പിന്റെ ശുശ്രൂഷ വി. സഭയെ ഭരമേല്പിച്ചു.

അതിനൊക്കെയും ദൈവം തന്നേ കാരണഭൂതൻ; അവൻ നമ്മെ ക്രിസ്തുമൂലം തന്നോട് നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു. (2 കൊരിന്ത്യ. 5-18).

ശ്ലീഹന്മാരുടെ നടപ്പുകളുടെ പുസ്തകം 19-ാം അദ്ധ്യായം 18-ാം വാക്യം വിശ്വസിച്ചവരിൽ അനേകരും വന്നു തങ്ങളുടെ പ്രവർത്തികളെ ഏറ്റുപറഞ്ഞു അറിയിച്ചു.

ദമസ്ക്കോസിന്റെ പടിവാതിൽക്ക് വച്ച് ക്രിസ്തു ദർശനത്താൽ അന്ധനായിത്തീർന്ന ശൗലിന് കാഴ്ച ലഭിപ്പാൻ അനന്യാസിനെ ദൈവം അയച്ചു. അങ്ങനെ അനന്യാസ് ആ വീട്ടിൽ ചെന്ന് അവന്റെമേൽ കൈവെച്ച്, ശൗലേ, സഹോദരാ, നീ കാഴ്ച പ്രാപിച്ച് പരിശുദ്ധാത്മപൂർണ്ണൻ ആകേണ്ടതിനു നീ വന്ന വഴിയിൽ നിനക്കു പ്രത്യക്ഷനായ യേശു എന്ന കർത്താവ് എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞു. (അപ്ര. 9:17).

വി. യാക്കോബ് 5 ന്റെ 14 മുതൽ നാം ഇങ്ങനെ വായിക്കുന്നു. നിങ്ങളിൽ ദീനമായി കിടക്കുന്നവർ സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ, അവർ കർത്താവിന്റെ നാമത്തിൽ അവനെ എണ്ണ പൂശി അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. എന്നാൽ വിശ്വാസത്തോടുകൂടിയ പ്രാർത്ഥന ദീനക്കാരനെ രക്ഷിക്കും; കർത്താവ് അവനെ എഴുന്നേൽപ്പിക്കും; അവൻ പാപം ചെയ്തിട്ടുണ്ടെങ്കിൽ അവനോട് ക്ഷമിക്കും. എന്നാൽ നിങ്ങൾക്കു രോഗശാന്തി വരേണ്ടതിനു തമ്മിൽ പാപങ്ങളെ ഏറ്റു പറഞ്ഞ് ഒരുവനുവേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ. വി.ഗ്രന്ഥത്തിൽ ഈ ഭാഗത്ത് കശീശന്മാർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. മൂപ്പന്മാരുടെ കൈയ്യൊപ്പോടുകൂടെ പ്രവചനത്താൽ നിനക്കു ലഭിച്ചതായി നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കാതെ നിന്റെ അഭിവൃദ്ധി എല്ലാവർക്കും പ്രസിദ്ധമായിത്തീരേണ്ടതിനു ഇത് കരുതുക. ഇതിൽത്തന്നെ ഇരുന്നുകൊള്ളുക (1 തിമോ. 4-14).

പാപമോചനാധികാരം പുരോഹിതന്മാർക്ക് ലഭ്യമായിരിക്കുന്നുവെന്നു വേദഗ്രന്ഥങ്ങളിൽനിന്നു സ്പഷ്ടമാണ്. യാതൊരു വിവേചനവും കൂടാതെ ഏവർക്കും പാപമോചനം നൽകാൻ കർത്താവ് അധികാരം നൽകിയിട്ടില്ല. അനുതപിക്കുന്നവർക്ക് പാപമോചനം നൽകുകയാണ് വൈദീകന്റെ കടമ. ഈ കൂദാശ ഇന്ന് വെറും ഒരു ചടങ്ങാക്കി നാം തീർത്തിരിക്കുകയാണ്. അനേകർ സമാധാനം അന്വേഷിച്ച് കൗൺസിലിംഗിന് തുനിയുമ്പോൾ, ആത്മശരീരം മനസ്സുകളുടെ സൗഖ്യത്തിനായി കർത്താവ്സ്ഥാപിച്ച് വി.ശ്ലീഹന്മാർ വഴി ശ്ലൈഹീക കൈവെപ്പിനാൽ നിലനിർത്തപ്പെട്ടുപോരുന്ന പൗരോഹിത്യനൽവരത്താൽ നൽകപ്പെട്ടുവരുന്ന വി. കൂദാശയുടെ ശ്രേഷ്ഠത നാം മനസ്സിലാക്കി പ്രവർത്തിക്കണം. കാരണം അനുതപിക്കുന്ന പാപിക്കു മാത്രമാണ് സ്വർഗ്ഗം. മരണം സുനിശ്ചതവും സമയം മനുഷ്യന്റെ അറിവിനു അപ്രാപ്യവുമാകയാൽ പാപബോധം വരുമ്പോൾ വി. കുമ്പസാരം നിർവ്വഹിക്കണം.

(ശേഷം പേജ് 7-ൽ)

## ജെ.എസ്.വി.ബി.എസ്.

ആണ്ടുതോറും നടത്തിവരാറുള്ള ജെ.എസ്.വി.ബി.എസ്. ഈ വർഷം ഏപ്രിൽ 7-ന് ആരംഭിക്കുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികൾ അതാത് കരകളിൽ പ്രവർത്തിക്കുന്ന സൺഡേ സ്കൂളുകളിലോ സെൻട്രൽ ഓഫീസുമായോ മാർച്ച് 16-നു മുമ്പ് ബന്ധപ്പെടേണ്ടതാണ്.

## സൂനോറോ പെരുന്നാൾ

പരി. പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് 1982 ഫെബ്രുവരി 26-നു നമ്മുടെ പള്ളിയിൽ സൂനോറോ സ്ഥാപിച്ചതിന്റെ ഓർമ്മക്കായി നടത്തിവരാറുള്ള സൂനോറ പെരുന്നാളും പാതിനോമ്പും സംയുക്തമായി ഫെബ്രുവരി 27-ന് ആചരിച്ചു. അഭിവന്ദ്യ യൂഹോനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത വി. കുർബ്ബാനക്ക് നേതൃത്വം നൽകി.

## 3-ാം ചരമവാർഷികം



**വെരി.റവ. കുറിയാക്കോസ് കോർഎപ്പിസ്ക്കോപ്പാ പാതയിൽ**

മണർകാട് പള്ളി സഹവികാരിയും വെട്ടിക്കുന്നേൽ കുടുംബയോഗം പ്രസിഡന്റുമായിരുന്ന വെരി. റവ. കുര്യാക്കോസ് കോർ എപ്പിസ്ക്കപ്പ ദിവംഗതനായിട്ട് മാർച്ച് 13-ന് 3 വർഷം തികയുന്നു. 15-ന് ശനിയാഴ്ച രാവിലെ മണർകാട് പള്ളിയിൽ വിശുദ്ധ കുർബ്ബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും നടത്തി.

# കല്ലുങ്കത്തറയിൽ മെത്രാൻ കക്ഷികളുടെ കടന്നുകയറ്റം

മലങ്കര സഭയിലെ കക്ഷി തർക്കത്തിൽ സമാധാനാന്തരീക്ഷം എന്നും നിലനിന്നിരുന്ന ഒരു ഭദ്രാസനം ആണ് കോട്ടയം ഭദ്രാസനം. തർക്കങ്ങൾ പറഞ്ഞു തീർത്ത് ഉത്തമ ക്രൈസ്തവ സാക്ഷ്യം നിലനിർത്തുവാൻ ഈ ഭദ്രാസനം എന്നും ശ്രമിച്ചിട്ടുണ്ട് കഴിഞ്ഞ കുറെ വർഷങ്ങളായി തർക്കം നിലനിന്ന ഇത്തിത്താനം പള്ളിയിൽ സമാധാനം ഉണ്ടാക്കി ഭാഗം പിരിയുവാൻ സാധിച്ചു. കല്ലുങ്കത്തറ പള്ളിയിൽ 1981-ൽ ഉണ്ടാക്കിയ ഉടമ്പടി പ്രകാരം നാളിതുവരെ യാതൊരു കലഹങ്ങളും ഇല്ലാതെ മെത്രാൻ കക്ഷികളുടെ ന്യായമായ എല്ലാ ആവശ്യങ്ങളും അംഗീകരിച്ച് സമാധാനപരമായി ആരാധന നടത്തിയിരുന്നു. എന്നാൽ ഫെബ്രുവരി പതിനാലിന് മണലേൽ പള്ളി വികാരി സെമിത്തേരിയിൽ ധൂപം വെയ്ക്കാൻ വരികയും. പൂട്ട് നശിപ്പിച്ച് ഗേറ്റ് ബലമായി തുറക്കുകയും ചെയ്തു. പള്ളിയുടെ ചെറിയ ഗേറ്റ് തുറന്നു കിടക്കുമ്പോഴാണ് ഈ പ്രവർത്തി. ഞായറാഴ്ച ഈ വൈദീകൻ വീണ്ടും വരികയും പോലീസ് സാന്നിദ്ധ്യത്തിൽ തന്നെ മർദ്ധിച്ചെന്ന് പരാതിപ്പെട്ട് കോട്ടയം മെഡിക്കൽ കോളജിന്റെ മുമ്പിലൂടെ അവിടെ കയറാതെ കാരിത്താസ് ആശുപത്രിയും കടന്ന് മെത്രാൻ കക്ഷിക്കാരന്റെ സ്വന്തം ആശുപത്രിയായ മാതാ ഹോസ്പിറ്റലിൽ അഭയപ്പെട്ടു. വാർത്താമാധ്യമങ്ങളിലൂടെ തന്നെ മർദ്ധിച്ചു എന്ന് പറയുകയും ദേവലോക പ്രഭൃതികൾ ഏറ്റുപാടുകയും ചെയ്തു. ദൈവത്തിന്റെ അളവറ്റ കൃപയാൽ മണലേൽ പള്ളിയിൽ കൂടിവരുന്ന ദൈവഭയമുള്ള ഭൂരിപക്ഷത്തിന്റെ കർശനമായ നിലപാടുമൂലം ഫെബ്രുവരി 22-ന് വീണ്ടും സന്ധി ആലോചന നടത്തുകയും ഉടമ്പടി പുതുക്കി ഭംഗിയായി കാര്യങ്ങൾ പര്യവസാനിക്കുകയും ചെയ്തു. നീണ്ട പതിറ്റാണ്ടുകൾ താൻ ശുശ്രൂഷിച്ച പുതുപ്പള്ളി വലിയ പള്ളിയുടെ മദ്ബഹായോട് യാത്ര ചോദിക്കാൻ പോലും അനുവദിക്കാതെ കടിയന്തുരത്തേൽ വന്ദ്യ യേശു കത്തനാരുടെ മൃതദേഹത്തെ അനാദരിച്ച മാന്യമാർ ആണ് ന്യായവാദം നടത്തുന്നത്.

# മാർ അന്ത്രയോസ് ബാവാ

**റവ. ഫാ. കുറിയാക്കോസ് കാലായിൽ** (വെട്ടിക്കുന്നേൽ കുടുംബയോഗം പ്രസിഡന്റ്)

1653-ലെ കൂനൻ കുരിശു സത്യം എന്ന സുപ്രസിദ്ധ വിശ്വാസ പ്രഖ്യാപനത്തിനു ശേഷം വടക്കൻ പറവൂർ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മാർ അബ്ദുൾ ജലീൽ ഗ്രീഗോറിയോസ് ബാവായുടെ പിൻഗാമിയായി മലങ്കരയിൽ എത്തിയ ഒരു പിതാവാണ് മാർ അന്ത്രയോസ് ബാവാ. 1675-ൽ പരി. അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും മാർ ഇഗ്നാത്തിയോസ് ശക്രല്ലാ ബാവായുടെ കല്പനയോടെ പരിശുദ്ധ പിതാവ് മലങ്കരയിൽ എത്തി. പരിശുദ്ധ പിതാവിന്റെ ജന്മദേശം തുറബ്ദീൻ ആണ്. മാർ അന്ത്രയോസ് അൽവായൂസ് എന്ന പേര് ലോപിച്ച് എല്ലാവരും അദ്ദേഹത്തെ മാർ അന്ത്രയോസ് ബാവാ (ഔപ്പൻ ബാവാ) എന്ന് വിളിച്ചു. 77 വയസ്സു പ്രായമുള്ള വയോധികനായ പരിശുദ്ധ പിതാവിനൊടൊപ്പം എത്തിയ സഹോദരന്മാരിൽ ഒരാൾ റമ്പാനായിരുന്നു. മാർ അന്ത്രയോസ് ബാവാ കപ്പൽ മാർഗ്ഗം കൊച്ചിയിൽ എത്തിച്ചേർന്ന് യാത്ര ചെയ്ത് മുളന്തുരുത്തിയിൽ എത്തിച്ചേരുകയും മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ താമസിച്ച് സഭയേ പറങ്കിവേദത്തിൽനിന്നും രക്ഷിക്കുവാൻ നേതൃത്വം നൽകുകയും ചെയ്തു. ഒരുദിവസം ബാവാ പുറത്തുപോയി മടങ്ങി വരുമ്പോൾ ദേവാലയം പൂട്ടി ഇട്ടിരിക്കുന്നതായി കണ്ടു. പള്ളിയിൽ വച്ചുതന്നെ യാമപ്രാർത്ഥന നിർവ്വഹിച്ചിരുന്ന പിതാവ് പ്രാർത്ഥനക്കു തടസ്സം നേരിട്ടതിനാൽ മനോഭാരത്തോടെ മാർത്തോമ്മാ വാതിൽ തുറക്കൂ എന്ന് ഉച്ചത്തിൽ 3 പ്രാവശ്യം വാതിലിൽ മുട്ടി വിളിച്ചു. വാതിൽ തനിയേ തുറന്നു കിട്ടി. ദേവാലയത്തിന് അകത്ത് പ്രവേശിച്ചു, പ്രാർത്ഥന നിർവ്വഹിക്കുകയും സന്തുഷ്ടനായി പള്ളി മേടയിലേക്ക് പോകുകയും ചെയ്തു. പ്രതികൂല സാഹചര്യങ്ങൾ ഉളവായതിനാൽ പ. പിതാവ് സഹോദരന്മാരേയും കൂട്ടി അവിടെ നിന്നും യാത്ര ആരംഭിക്കുവാൻ നിശ്ചയിച്ചു. ബാവായുടെ കാസാ പള്ളിയിൽ ഏല്പിച്ചു. ആ കാസാ ഇന്നും ശീമക്കാസാ എന്ന പേരിൽ മുളന്തുരുത്തിപ്പള്ളിയിൽ സൂക്ഷിച്ചു വരുന്നു.



മുളന്തുരുത്തിയിൽനിന്നും യാത്രതിരിച്ച് ബാവായും സഹോദരന്മാരും പിറവം, കുറവിലങ്ങാട്, കടുത്തുരുത്തി വഴി മദ്ധ്യതിരുവിതാംകൂറിലേക്ക് യാത്ര ചെയ്ത് കല്ലട എന്ന സ്ഥലത്ത് എത്തിച്ചേർന്നു.

സഹോദരന്മാരിൽ 2 പേർ മുളന്തുരുത്തിയിൽ താമസമാക്കുകയും അവിടെയുള്ള പ്രശസ്ത കുടുംബങ്ങളിൽനിന്നു വിവാഹം ചെയ്ത് കുടുംബ ജീവിതം നയിക്കുകയും ചെയ്തു. ബാവായോടൊപ്പംയാത്ര തിരിച്ച റമ്പാൻ യാത്ര മദ്ധ്യേ ചരമം പ്രാപിച്ചതിനാൽ ചെന്നിത്തലയിൽ സംസ്കരിക്കപ്പെട്ടു. യാത്ര മദ്ധ്യേ മണർകാട് പള്ളിയിൽ എത്തി വിശ്രമിച്ചു.

മണർകാട് നിന്നും പുറപ്പെട്ട് തെക്കെ പ്രദേശങ്ങളിൽ സഞ്ചരിച്ച് കൊല്ലം ജില്ലയിലെ കല്ലട പള്ളിയിൽ താമസിച്ചു. 1692 കുംഭം 18-ന് കാലം ചെയ്തു. പിതാവിന്റെ കബറടക്കം കുംഭം 19-ന് നിർവ്വഹിക്കപ്പെട്ടു.

പരിശുദ്ധ പിതാവിന്റെ ഭൗതികശരീരം കല്ലട ആറിന്റെ തീരത്തുള്ള കല്ലട യാക്കോബായ പള്ളിയുടെ മദ്ബഹായുടെ തെക്കുവശത്തായി സ്ഥിതി ചെയ്യുന്നു. ബാവായുടെ മദ്ധ്യസ്ഥയിൽ അഭയം തേടുന്നവർക്ക് ലഭിച്ച അനുഗ്രഹങ്ങൾ നിരവധിയാണ്. പരിശുദ്ധ പിതാവിന്റെ ഓർമ്മപ്പെരുന്നാൾ, മുളന്തുരുത്തി മാർത്തോമ്മൻ പള്ളി, പിറവം വലിയ പള്ളി, കുണ്ടറ വലിയ പള്ളി, പുത്തൻ കാവ് പള്ളി, കല്ലട പള്ളി എന്നിവിടങ്ങളിൽ ആചരിക്കുന്നതിനു പുറമേ വെട്ടിക്കുന്നേൽ കുടുംബക്കാർ മണർകാട് പള്ളിയിൽ കുംഭം 19-ന് ആചരിക്കുന്നു. അന്നേ ദിവസം ശ്രാദ്ധ സദ്യയും നടത്തി വരുന്നു.

മുളന്തുരുത്തി പ്രദേശത്തെ ശ്രാമ്പിക്കൽ, കാട്ടുമങ്ങാട്, തണങ്ങാട്ടിൽ തുടങ്ങിയ കുടുംബങ്ങൾ പരിശുദ്ധ പിതാവിന്റെ സഹോദരങ്ങളുടെ വംശപരമ്പരയിൽപ്പെടുന്നു. കാട്ടുമങ്ങാട് ബാവാമാർ, പാണമ്പടിയിൽ കബറടങ്ങിയിരിക്കുന്ന മലങ്കരയുടെ പൗലോസ് മാർ കൂറീലോസ്, ശ്രാമ്പിക്കൽ പള്ളത്തിട്ടയിലായ ചാത്തുരുത്തി മാർ ഗ്രീഗോറിയോസ് (പരുമല), കണിയാമ്പറമ്പിൽ കുര്യൻ കോർ എപ്പിസ്ക്കോപ്പ, കുഴിക്കാട്ടിൽ ദാവീദു കത്തനാർ തുടങ്ങിയവർ പരിശുദ്ധ പിതാവിന്റെ വംശാവലിയൽപ്പെടുന്നവരത്രെ. യാക്കോബായ സുറിയാനി സഭയുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി അഭിവന്ദ്യ ജോസഫ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും (പള്ളത്തിട്ട) ബാവായുടെ പിൻതലമുറക്കാരനാണ്.

# മണർകാട് ഹൈസ്കൂൾ വാർഷികം

മണർകാട്: സെന്റ് മേരീസ് ഹൈസ്കൂളിന്റെ 59-ാമത് വാർഷികവും രക്ഷാകർത്തൃദിനവും സർവ്വീസിൽനിന്നു വിരമിക്കുന്ന അദ്ധ്യാപകർക്ക് യാത്രയയപ്പും ഫെബ്രുവരിമാസം 29-ാം തീയതി വെള്ളിയാഴ്ച 2 മണിക്ക് സ്കൂൾ ഹാളിൽവെച്ച് നടത്തി. സെന്റ് മേരീസ് കത്തീഡ്രൽ വികാരിയും സ്കൂൾ മാനേജരുമായ ഇട്ടിയാടത്ത് ഇ. ടി. കുറിയാക്കോസ് കോർ എപ്പിസ്ക്കോപ്പായുടെ മഹനീയ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം മണർകാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജോർജ് തൊമ്മി ഉദ്ഘാടനം ചെയ്തു. ദീർഘകാലത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം സർവ്വീസിൽനിന്നു വിരമിക്കുന്ന അധ്യാപികമാരായ ശ്രീമതി പി. എം. അച്ചാമ്മ, ശ്രീമതി പി. കെ. ഏലിയാമ്മ എന്നിവർക്ക് യാത്രയയപ്പ് നൽകി. റവ. ഫാ. ജെ. മാത്യു മണവത്ത്, എ. എ. ജോൺ ആലുങ്കൽ, കെ. എൻ. എസ്. മേനോൻ, സോജി ഏബ്രഹാം, ചെറിയാൻ ചെറിയാൻ പടിഞ്ഞാറപ്പുറത്ത്, രാജു കുറിയാക്കോസ്, അരുൺ കുറിയാക്കോസ് കാലായിൽ, ഗ്രേസി കരിമ്പന്നൂർ, പി. എം. അച്ചാമ്മ, പി. കെ. ഏലിയാമ്മ എന്നിവർ സംസാരിച്ചു.

# ശ്രാദ്ധം നടത്തി

മാർ അന്ത്രയോസ് ബാവായുടെ ശ്രാദ്ധം മാർച്ച് 3-ന് കരോട്ടെ പള്ളിയിൽ നടത്തി. കൊച്ചി ഇടവകയുടെ അഭിവന്ദ്യ ജോസഫ് മാർ ഗ്രീഗോറിയോസ് തിരുമേനി ഉദ്ഘാടനം നിർവ്വഹിച്ചു. വെരി. റവ. ഇ. ടി. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പ ഇട്ട്യേടത്ത്, റവ. ഫാ. ഏബ്രഹാം കോർ എപ്പിസ്ക്കോപ്പ കരിമ്പനത്തറ, വെ. റവ. ഫാ. ജെയിംസ് കണ്ടമുണ്ടാരിൽ കോർ എപ്പിസ്ക്കോപ്പ, റവ. ഫാ. കുറിയാക്കോസ് കാലായിൽ എന്നിവർ പങ്കെടുത്തു.

# മെത്രാൻ കക്ഷികൾ കൊടുത്ത കേസ് കോടതി തള്ളി

കുന്നക്കൽ, ചാത്തമറ്റം, മുളപ്പുറം എന്നീ യാക്കോബായ പള്ളികളിൽ പ്രശ്നങ്ങൾ സൃഷ്ടിച്ച് പള്ളി പിടിച്ചെടുത്തു പൂട്ടിക്കാനായി, ഉടമസ്ഥത അവകാശപ്പെട്ട് മെത്രാൻ കക്ഷികൾ കൊടുത്ത കേസ് എറണാകുളം ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി നിരുപാധികം തള്ളി.

# ഹാശ്ശാആഴ്ച ഒരുക്ക ധ്യാനം

മണർകാട് സെന്റ് മേരീസ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ ഹാശ്ശാ ആഴ്ച ഒരുക്ക ധ്യാനം മാർച്ച് 12 മുതൽ 14 വരെ നടത്തി. 12-ാം തീയതി അഡ്വ. ബാബു വാര്യാട്ട് അനുതാപം എന്ന വിഷയത്തെക്കുറിച്ച് ധ്യാനം നടത്തി. 13-ാം തീയതി റവ. ഡീ. ബോബി ജോൺ തറയാനിൽ വി. കുമ്പസാരം എന്ന വിഷയത്തെക്കുറിച്ചും 14-ാം തീയതി റവ. പീറ്റർ വേലമ്പറമ്പിൽ കോർ എപ്പിസ്ക്കോപ്പാ വി. കുർബ്ബാനാനുഭവം എന്ന വിഷയത്തെക്കുറിച്ചും ധ്യാനം നടത്തി. സമർപ്പണ പ്രാർത്ഥനയ്ക്ക് റവ. ഫാ. മാത്യൂസ് മണവത്തും ധ്യാനയോഗങ്ങൾക്ക് റവ. ഫാ. ഈ. ടി. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പാ ഇട്ട്യാടത്ത് (വികാരി), റവ. ഫാ. കുര്യാക്കോസ് കാലായിൽ എന്നിവരും നേതൃത്വം നൽകി. വി. മർത്തമറിയം വനിതാ സമാജത്തിന്റെ ആഭിമുഖ്യത്തിലാണ് യോഗം നടത്തിയത്.

# പെരുമ്പള്ളി തീർത്ഥയാത്രക്ക് സ്വീകരണം

യാക്കോബായ സുറിയാനി സഭയുടെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പ്രസിഡന്റും, കോട്ടയം ഭദ്രാസന മെത്രാപ്പോലീത്തായും ആയിരുന്ന അഭി. ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പെരുമ്പള്ളി സെന്റ് ജോർജ്ജ് സിംഹാസന പള്ളിയിലേക്ക് അഭിവന്ദ്യ പിതാവിന്റെ മാതൃ ഇടവകയായ പുതുപ്പള്ളി സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി പള്ളിയിൽനിന്നും യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിൽ നടത്തിയ വാഹന തീർത്ഥയാത്രയിൽ നമ്മുടെ പള്ളിയിൽ സ്വീകരണം നൽകി. ഏതാണ്ട് നൂറോളം അംഗങ്ങൾ തീർത്ഥയാത്രയിൽ സംബന്ധിച്ചു.

# ദുഖ്റോനോ

## കടവിൽ ഡോ. പൗലോസ് മാർ അത്താനാസ്യോസ് (മാർച്ച് 7)



കോട്ടയം ഇടവകയുടെ പ്രഥമ മെത്രാപ്പോലീത്ത ആയി 1876-ൽ പ. പത്രോസ് പാത്രിയർക്കീസു ബാവായാൽ വാഴിക്കപ്പെട്ട വടക്കൻ പറവൂർ ഇടവകയിലെ കടവിൽ പൗലോസ് മാർ അത്താനാസ്യോസിന്റെ കുടുംബത്തിൽ ജനിച്ചു. കടവിൽ പോൾ റമ്പാൻ എന്ന പേരിൽ മലങ്കര ആകമാനം അറിയപ്പെട്ടു. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ നേരിട്ടുള്ള ഭരണത്തിലുള്ള പൗരസ്ത്യ സുവിശേഷ സമാജത്തിന്റെ മിഷൻ ഡയറക്ടർ ആയി പ്രവർത്തിച്ചുവരവെ 1970-കളിൽ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിനു വിപരീതമായി മലങ്കരസഭാനേതൃത്വം പ്രവർത്തനം ആരംഭിച്ചപ്പോൾ വന്ദ്യപോൾ റമ്പാനെ മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് തിരഞ്ഞെടുത്തു. 1973 സെപ്തംബർ 1-നു പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസുബാവായൽ ദമസ്ക്കോസിൽവച്ച് അത്താനാസ്യോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്ത ആയി വാഴിക്കപ്പെട്ടു. ലളിത ജീവിതത്തിന്റെ ഉത്തമ മാതൃകയും പാണ്ഡിത്യത്തിന്റെ നിറകുടവും സുറിയാനിസഭയുടെ ആചാരാനുഷ്ഠാനങ്ങളിൽ അണിവിട വ്യതിചലിക്കാത്ത ശ്രേഷ്ഠാചാര്യനുമായിരുന്നു. തിരുമേനി 1991 മാർച്ച് 7-നു കാലം ചെയ്തു. ചെറിയ വാപ്പലശേരി പള്ളിയിൽ കബറടക്കപ്പെട്ടു.

## പരിശുദ്ധ സ്ലീബാ മോർ ഒസ്താത്തിയോസ് (മാർച്ച് 19)



(1854-1930)

മെസപ്പൊട്ടോമ്യയിലെ അമീദ് പട്ടണത്തിനടുത്ത് കഫർസൊ ഗ്രാമത്തിൽ അബാക്കർ കുടുംബത്തിൽ സൽബിയുടെയും നബുനയുടെയും മകനായി 1854 ജനുവരി 1-ന് ജനനം. രണ്ട് സഹോദരന്മാരും മൂന്ന് സഹോദരികളും ഉണ്ടായിരുന്നു. പിതാവ് സ്ലീബായുടെ ബാല്യകാലത്തിൽ തന്നെ നിര്യാതനായി.

1881 ജനുവരി മാസം 1-ാം തീയതി മോർ അത്താനാസിയോസ് ബാവായോടൊപ്പം സ്ലീബാ ശെമ്മാശൻ കൊച്ചിയിൽ വന്നു. 1895-ൽ പ. പരുമലതിരുമേനിയുടെ വിശുദ്ധനാട് സന്ദർശനങ്ങൾക്ക് ചുക്കാൻ പിടിച്ചത് സ്ലീബാ ശെമ്മാശനായിരുന്നു. യാത്രക്ക് ശേഷം പ. പരുമല തിരുമേനിയോടൊപ്പം സ്ലീബാ ശെമ്മാശനും മലങ്കരയിൽ തിരിച്ചെത്തി. 1906-ൽ ശീമയിൽ വെച്ച് മോർ കൂറിലോസ് ഏലിയാസ് കുദ്സോ മെത്രാപ്പോലീത്ത സ്ലീബാ ശെമ്മാശന് ദയറോയുസോ (റമ്പാൻ) സ്ഥാനം നൽകി. 1908 മാർച്ച് മാസത്തിൽ അന്ത്യോഖ്യയുടെ പ. അബ്ദേദ് ആലോഹോ രണ്ടാമൻ പാത്രിയർക്കീസ് ബാവാ മൂസലിലുള്ള 40 സഹദേന്മാരുടെ പള്ളിയിൽ വച്ച് സ്ലീബാ കശ്ശീശ്ശായെ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ച് സിംഹാസന പ്രതിനിധിയായി നിയമിച്ചു.

തുടർന്ന് പ. പാത്രിയർക്കീസ് ബാവായാൽ മേൽപ്പട്ട സ്ഥാനം നൽകപ്പെട്ട വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്ന്യാസോസ് കത്തനാർ, കൊച്ചുപറമ്പിൽ പൗലോസ് കൂറിലോസ് റമ്പാച്ചൻ എന്നീ നവാഭിഷിക്തരോടും ഔഗേൻ റമ്പാച്ചനോടുമൊപ്പം തിരികെ നാട്ടിലേക്ക് മടങ്ങി.

1908 ജൂൺ മാസം 10-ാം തീയതി ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനി കാലം ചെയ്തപ്പോൾ ഭരണപരമായ ചുമതലകൾ സ്ലീബാ മോർ ഒസ്താത്തിയോസ് അന്ത്യോഖ്യാ പ്രതിനിധി എന്ന നിലയിൽ നിർവ്വഹിച്ചു. കല്ലുങ്കത്ര, മലേക്കുരിശ്, പൊയ്ക്കാട്ടുശ്ശേരി, വടവുകോട് തുടങ്ങിയ പള്ളികളിൽ ബാവ ദീർഘനാൾ താമസിച്ചിട്ടുണ്ട്.

പ. പാത്രിയർക്കീസ് ബാവായുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ കുന്നംകുളത്ത് 1920 ഒക്ടോബർ 9-ാം തീയതി മോർ ഒസ്താത്തിയോസ് ബാവാ സിംഹാസന പള്ളിയുടെ ശിലാസ്ഥാപനം നിർവ്വഹിച്ചു. ബാവാ ശീമയിൽ നിന്നുകൊണ്ടുവന്ന മോർ കൗമായുടെ തിരുശേഷിപ്പിട്ട് വാഴ്ത്തിയ വെള്ളം അനേകം രോഗികൾക്ക് സൗഖ്യകാരണമായി. (ഇന്നും ബാവാ വാഴ്ത്തിയ വെള്ളം വർദ്ധിപ്പിച്ച് അനുഗ്രഹത്തിനായി നൽകിവരുന്നു.) ഇക്കാലയളവിൽ തന്നെ ബാവാ മലേക്കുരിശിലും വടവുകോട്ടും പള്ളികൾ സ്ഥാപിച്ചു.

1927 മുതൽ പുണ്യവാനായ ബാവായുടെ ആരോഗ്യസ്ഥിതി മോശമായി. യൂലിയോസ് ബാവായുൾപ്പെടെയുള്ള മെത്രാപ്പോലീത്തന്മാരും വൈദീകരും പ്രാർത്ഥന നടത്തിക്കൊണ്ടിരിക്കെ മാർച്ച് 19-ാം തീയതി ചൊവ്വാഴ്ച രാത്രി 9 മണിക്ക് ബാവാ തന്റെ ആത്മാവിനെ സ്വർഗ്ഗപിതാവിന്റെ തൃക്കരങ്ങളിലേല്പിച്ചു. ബാവായുടെ തിരുശേഷിപ്പുകൾ അനേകായിരങ്ങൾക്ക് ദൈവകൃപയ്ക്കുള്ള മദ്ധ്യസ്ഥതയായി തുടരുന്നു. സ്ലീബ എന്ന പേരിൽ മാമ്മോദീസാ ഏൽക്കുന്ന കുഞ്ഞുങ്ങൾ പുണ്യവനായാ ബാവായുടെ മദ്ധ്യസ്ഥതയിൽ സമർപ്പിക്കപ്പെടുന്നു. പ. പാത്രിയർക്കീസ് ബാവായുടെ നമ്പർ ഇ. 71/2000 കല്പനപ്രകാരം മാർ ഒസ്താത്തോയിസ് ബാവായെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

## വിവാഹിതരായി



പറമ്പുകര കോട്ടയിൽ കെ. കെ. വറുഗീസിന്റെയും മറിയാമ്മ വറുഗീസിന്റെയും മകൾ ഷിനുവർഗീസും വാകത്താനം കുന്നുംപുറത്ത് കെ.കെ.എബ്രഹാമിന്റെയും ബേബിക്കുട്ടി എബ്രഹാമിന്റെയും മകൻ ബിബിൻ എബ്രഹാമും.



ഉപഹാരസമർപ്പണം: അഭിവന്ദ്യ മോർ ഗ്രീഗോറിയോസ് ശെമവൂൻ സ്ലീബ മെത്രാപ്പോലീത്തായ്ക്ക് യൂത്ത് അസോസിയേഷന്റെ ഉപഹാരം സെക്രട്ടറി അലൻ വർഗീസ് വാലയിൽ നൽകുന്നു.

## സന്ദർശിച്ചു



അമേരിക്കൻ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മോർ കൂറിലോസ് അപ്രേം കരിം മാർച്ച് 4-ന് മണർകാട് കത്തീഡ്രലൽ സന്ദർശിച്ചു. റവ. ഫാ. കുറിയാക്കോസ് മംഗലത്ത്, റവ. ഫാ. മാത്യൂസ് വടക്കേടത്ത്, ട്രസ്റ്റിമാർ, സെക്രട്ടറി തുടങ്ങിയവർ സ്വീകരണത്തിനു നേതൃത്വം നൽകി.

## ജന്മദിനാശംസകൾ



**വി. ഐ. വർക്കി**

**വാലയിൽ മണർകാട്**

ആശംസകളോടെ: മക്കൾ, കൊച്ചുമക്കൾ, പേരക്കുട്ടികൾ

## ജന്മദിനാശംസകൾ



ഒന്നാം പിറന്നാൾ ആഘോഷിക്കുന്ന

**ആരോൺ ഈശോ കുര്യൻ ഈരേച്ചേരിൽ**

*ആശംസകളോടെ:* സണ്ണി, നിഷ

# ജന്മദിനാശംസകൾ



**മോർ യൂലിയോസ് അബ്ദുൾ ആഹാദ് ഷാബോ**
മാർച്ച് 8
**ആർച്ച് ബിഷപ്പ് സ്വീഡൻ**



**മോർ ഒസ്താത്തിയോസ് മത്താ റോഹേം**
മാർച്ച് 16
**ആർച്ച് ബിഷപ്പ്**
**ജസീറിയ യൂഫ്രട്ടീസ്**



**മോർ തിയോഫിലോസ് ജോർജ് സലിബ**
മാർച്ച് 31
**ആർച്ച് ബിഷപ്പ്**
**ലെബനോൻ**

# താൽക്കാലിക കൂദാശ



*അമ്മവീടിനോടനുബന്ധിച്ചുള്ള ചാപ്പലിന്റെ താൽക്കാലിക കൂദാശ ശ്രേഷ്ഠ കാതോലിക്കാ ബാവായുടെയും അന്ത്യോഖ്യാ പ്രതിനിധി മോർ ഗ്രീഗോറിയോസ് സ്ലീബാ ശെമവൂന്റെയും കോട്ടയം ഭദ്രാസനാധിപൻ തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെയും നേതൃത്വത്തിൽ നിർവ്വഹിക്കുന്നു.*

മണർകാട്: യാക്കോബായ സഭയുടെ ചാരിറ്റബിൾ സംഘടനയായ കേഫായുടെ നേതൃത്വത്തിൽ ഗ്രാമറ്റത്ത് പ്രവർത്തിച്ചുവരുന്ന അമ്മ വീടിനോട് അനുബന്ധിച്ചുള്ള ചാപ്പലിന്റെ താൽക്കാലിക കൂദാശ ശ്രേഷ്ഠ ബാവായുടെയും അന്ത്യോഖ്യാ പ്രതിനിധി അഭി. മോർ ഗ്രീഗോറിയോസ് തിരുമേനിയുടെയും നേതൃത്വത്തിൽ ഫെബ്രുവരി 15-ാം തീയതി നിർവ്വഹിച്ചു.

## ജന്മദിനാശംസകൾ



**ഹന്ന മരിയാ ബൈജു**
വെള്ളാപ്പള്ളിൽ

## വിവാഹിതരായി



*മാലം തുരുത്തിയിൽ സജീവ് വറുഗീസും കോട്ടയം തൈപ്പറമ്പിൽ ആശാ അലക്സാണ്ടറും തമ്മിലുള്ള വിവാഹം 20.01.2008 മണർകാട് സെന്റ് മേരീസ് കത്തീഡ്രലിൽ വെച്ച് നടന്നു.*

**ആശംസകൾ**
**പകലോമറ്റത്തായ വെട്ടിക്കുന്നേൽ കുടുംബയോഗം**
**മണർകാട്**

# ദുഖ്റോനോ

## അഭിവന്ദ്യ കുറിയാക്കോസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത(മാർച്ച് 22)



യാക്കോബായ വിശ്വാസികൾ കുറവുള്ള തെക്കൻ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തയായിരുന്ന് മറുവിഭാഗത്തിന്റെ എല്ലാ പീഡനങ്ങളും സഹിച്ച് വിശ്വാസം കാത്ത ഉത്തമയിടയനാണ് അഭിവന്ദ്യ തിരുമേനി.

പൗരോഹിത്യ ശുശ്രൂഷയിൽ ഒരു സാധാരണക്കാരനെപ്പോലെ ജീവിച്ചു. മേപ്രാൽ പള്ളിയോട് ചേർന്നുള്ള വളരെ ചെറുതായ മുറിയിൽ താമസിച്ച് സഭാഭരണം നടത്തി.

കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായിരുന്ന് സ്തുത്യർഹമായ സഭാസേവനം നിർവ്വഹിച്ച പുണ്യപിതാവാണ് മോർ കുറിലോസ് തിരുമേനി. പുരാതന പ്രസിദ്ധവും സമ്പന്നവുമായ മേപ്രാൽ പൂതിയോട്ട് കുടുംബത്തിൽ 1110 മേടം 18-നു ജനിച്ചു. ആലുവ യു. സി., കോട്ടയം സി.എം.എസ്. എന്നീ കോളജുകളിൽനിന്ന് വിദ്യാഭ്യാസം പൂർത്തീകരിച്ചു. വയലിൽ പറമ്പിൽ അഭിവന്ദ്യ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽനിന്ന് കൊറൂയോ പട്ടവും അമേരിക്കൻ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മോർ അത്താനാസിയോസ് യേശു ശാമുവലിൽനിന്ന് യൗഫിക്കദിയോക്കോൻ പട്ടവും അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസിൽനിന്ന് (ശ്രേഷ്ഠ പൗലോസ് ദ്വിതിയൻ ബാവാ) ശെമ്മാശൻ പട്ടവും കശ്ശീശാ പട്ടവും നേടി. 1974 ജൂലൈ 21-ാം തീയതി ദമസ്ക്കോസിൽവെച്ച് പരിശുദ്ധ യാക്കോബ് തൃതിയൻ പാത്രിയർക്കീസ് ബാവായാൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു.

തിരുമേനിയുടെ കഠിനാദ്ധ്വാനത്തിന്റെ പ്രതീകമാണ് അടൂർ തിരുവനന്തപുരം റോഡിന്റെ ഇടതുവശത്തുകാണുന്ന മനോഹരമായ അരമന. അരമന പണിതതിനുശേഷവും തിരുമേനി മേപ്രാലിലാണ് താമസിച്ചിരുന്നത്. പരിമിതമായ സൗകര്യങ്ങളിൽ തിരുമേനി സംതൃപ്തനായി ജീവിച്ചു. ദീർഘ സംവത്സരങ്ങളിൽ അങ്ങേയറ്റം വിശ്വസ്തതയോടെ സഭാകേസുകൾ നടത്തി. അഭിവന്ദ്യ തിരുമേനി കേസ് നടത്തിയിരുന്നപ്പോൾ തികച്ചും സത്യസന്ധവും സുതാര്യവുമായി കാര്യങ്ങൾ നിയന്ത്രിച്ചിരുന്നു. അഖില മലങ്കര സൺഡേ സ്കൂൾ അസോസിയേഷന്റെ പ്രസിഡന്റായി ദീർഘകാലം സേവനമനുഷ്ഠിച്ചു. സുറിയാനി സഭയുടെ വിശ്വാസസത്യങ്ങൾ പഠിപ്പിക്കുന്ന കാര്യത്തിൽ തിരുമേനി ഉത്സാഹിയായിരുന്നു. കോട്ടയം ഭദ്രാസനത്തോടും പ്രത്യേകിച്ച് മണർകാട് പള്ളിയോടും അഭിവന്ദ്യ പിതാവ് ഏറെ താല്പര്യം പ്രകടിപ്പിച്ചിരുന്നു. ഏതൊരു കാര്യത്തിനു ക്ഷണിച്ചാലും അഭിവന്ദ്യ തിരുമേനി സന്തോഷത്തോടെ എഴുന്നള്ളി വരുമായിരുന്നു. നാലുനാക്കൽ സെന്റ് ആദായീസ് പള്ളിയിൽവെച്ച് നടത്തപ്പെട്ട കോട്ടയം ഭദ്രാസന സൺഡേസ്കൂൾ അദ്ധ്യാപക വാർഷികത്തിലാണ് തിരുമേനി കോട്ടയത്ത് അവസാനമായി സംബന്ധിച്ച വലിയ പരിപാടി. അന്ന് അഭിവന്ദ്യ തിരുമനസ്സുകൊണ്ട് കല്പിച്ചു നിങ്ങൾ സ്തുതിചൊവ്വാക്കപ്പെട്ട സത്യവിശ്വാസത്തിന്റെ കാവൽഭടന്മാരാണ്, നിങ്ങളേ എൽപ്പിച്ചിരിക്കുന്ന ശിശുക്കളെ സത്യവിശ്വാസം പഠിപ്പിക്കുകയെന്ന വലിയ ഉത്തരവാദിത്വം നിങ്ങൾ ഉത്സാഹത്തോടെ നിർവ്വഹിക്കണം.

യാമപ്രാർത്ഥനകളിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാതിരുന്ന പുണ്യപിതാവ് 1995 മാർച്ച് 22-ന് കാലം ചെയ്ത് അടൂർ അരമന പള്ളിയിൽ കബറടക്കപ്പെട്ടു.

## അനുമോദനം



എം. ജെ. എസ്. എസ്. എ. പത്താം ക്ലാസ് പരീക്ഷയിൽ നാലാം റാങ്ക് കരസ്ഥമാക്കിയ മാലം സൺഡേസ്കൂൾ വിദ്യാർത്ഥിനി ഡിബിമോൾ തോമസിന് അനുമോദനങ്ങൾ. മാലം അക്കരക്കുന്നേൽ കുടുംബാംഗമാണ്.

# മഞ്ഞനിക്കര പെരുന്നാൾ സമാപിച്ചു

അന്ത്യോഖ്യായുടെ അധിപതിയെ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ. മഞ്ഞനിക്കരയുടെ അസ്തമിക്കാത്ത സൂര്യനെ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ എന്നീ പ്രാർത്ഥനാ മന്ത്രവുമായി വിശ്വാസികൾ വിശുദ്ധ കബർ വണങ്ങി അനുഗ്രഹം പ്രാപിച്ചു. ലോകത്തിന്റെ നാനാ ഭാഗത്തുനിന്നും ആരംഭിച്ച 600-ൽ പരം തീർത്ഥാടക സമൂഹങ്ങളാണ് മഞ്ഞനിക്കരയിൽ സംഗമിച്ചത്.

യാക്കോബായാ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബാവായും, പ. പാത്രിയർക്കീസ്ബാവായുടെ പ്രത്യേക പ്രതിനിധി. മൂസലിലെ ആർച്ച് ബിഷപ്പ് മോർ ഗ്രിഗോറിയോസ് ശെമവൂൻ സ്ലീബാ മെത്രാപ്പോലീത്ത സഭയിലെ മറ്റ് പിതാക്കന്മാരും വിശ്വാസികളെ അനുഗ്രഹിച്ചു. ഓമല്ലൂർ കുരിശിങ്കൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ പ്രതിനിധി ആർച്ച് ബിഷപ്പ് മോർ ഗ്രീഗോറിയോസ് ശെമവൂൻ സ്ലീബാ, മെത്രാപ്പോലീത്തമാരായ ദയറാതലവൻ, ഗീവറുഗീസ് മാർ ദീവന്ന്യാസിയോസ്, ജോസഫ് മാർ ഗ്രീഗോറിയോസ്, യൂഹാന്നോൻ മാർ മിലിത്തിയോസ്, മാത്യുസ് മാർ തേവോദിയോസ് എന്നിവർ ചേർന്ന് തീർത്ഥാടകരെ സ്വീകരിച്ചു തുടർന്ന് ദയറാപള്ളിയിൽ സന്ധ്യാപ്രാർത്ഥന നടത്തപ്പെട്ടു. തീർത്ഥാടക സമ്മേളനത്തിൽ ശ്രേഷ്ഠകാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു. മഞ്ഞനിക്കര തീർത്ഥാടനം ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ യാത്രയാണ്. ഈ തീർത്ഥാടനം ദൈവിക അനുഗ്രഹം പ്രധാനം ചെയ്യുന്നതാണ്. തന്റെ ജീവിതത്തിൽ മഞ്ഞനിക്കര കബറുമായി അഭേദ്യമായ ബന്ധമാണ് ഉള്ളത്. ബാവാ പറഞ്ഞു.

പീഡനങ്ങളുടെ നടുവിൽനിന്നു പ. സഭയെ രക്ഷിക്കുവാൻ ദൈവം നിയോഗിച്ച പ്രതിപുരുഷനാണ് പ.ഏലിയാസ് തൃതിയൻ ബാവാ. ഇന്ന് പലരും അത്ഭുതങ്ങളെ പരസ്യപ്പെടുത്തി വിശ്വാസികളെ ആകർഷിക്കുവാൻ ശ്രമിക്കുമ്പോൾ മഞ്ഞനിക്കര അതിൽനിന്ന് വ്യത്യസ്തമാണെന്നുള്ളത് സന്തോഷമാണ് നൽകുന്നത്. യാതൊരു പരസ്യവുമില്ലാതെ ജനലക്ഷങ്ങൾ ഇവിടെ എത്തിച്ചേരുന്നുവെന്ന് ബാവാ പറഞ്ഞു.

തൃക്കുന്നത്ത് സെമിനാരി പ്രശ്നം പരിഹരിക്കപ്പെടണമെങ്കിൽ യഥാർത്ഥ അവകാശികൾക്ക് അവിടെ ഇരിയ്ക്കുവാനുള്ള അവസരമുണ്ടാവണം. ഇപ്പോൾ സെമിനാരി കൈവശപ്പെടുത്തിയിരിക്കുന്നത് താല്ക്കാലിക ഉടമസ്ഥരാണ്. അവരെ അവിടെ നിന്ന് പുറത്താക്കാതെ താൻ അടങ്ങിയിരിക്കില്ല. ഇത്രയും കാലം സെമിനാരി മാനേജരായിരുന്ന മണ്ണാറപ്രായിൽ അച്ചനോട് ചോദിച്ചാൽ കാര്യങ്ങൾ വ്യക്തമാകും.

തീർത്ഥാടക സമ്മേളനം പൊതുമരാമത്ത് മന്ത്രി മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു.

പ. പാത്രിയർക്കീസ് ബാവായുടെ പ്രതിനിധി ആർച്ച് ബിഷപ്പ് മോർ ഗ്രീഗോറിയസ് ശെമവൂൻ സ്ലീബാ അനുഗ്രഹപ്രഭാഷണം നടത്തി. മലബാർ ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മോർ പീലക്സീനോസ് മെത്രാപ്പോലീത്ത മുഖ്യപ്രഭാഷണം നടത്തി.

പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവാർഡ് ദാനം നിർവ്വഹിച്ചു. വടക്ക്പോലും തെക്കും ഇന്ന് സഭ ശക്തമാണ്. തെക്കൻ പ്രദേശത്ത് മെത്രാൻ കക്ഷികളിൽനിന്ന് നേരിടുന്ന ഏതു വെല്ലുവിളിയേയും നേരിടുവാൻ സഭ സുശക്തമാണ്. കഴിഞ്ഞ ചുരുങ്ങിയ നാളുകളിലായി സഭ തെക്കൻ പ്രദേശത്ത് വളർന്നിരിക്കുന്നു. തെക്കൻ പ്രദേശത്തുള്ള മെത്രാപ്പോലീത്തമാർ ശക്തമായ നേതൃത്വത്തമാണ് നൽകുന്നത്. ഈ പ്രദേശത്ത് സഭയെ വരുതിയിലാക്കാമെന്ന് ആരും കരുതേണ്ട. ജെ.എസ്.എസ്.എൽ.സിക്ക് ഒന്നാം റാങ്ക് ലഭിച്ച ശാലു പൗലോസിന് തിരുമനസ്സുകൊണ്ട് സ്വർണ്ണ മെഡൽ സമ്മാനിച്ചു. തീർത്ഥാടക സംഘത്തിലെ തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ള അവാർഡ് ദാനം അഭി.യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു. ക്നാനായ ആർച്ച് ബിഷപ്പ് കുര്യാക്കോസ് മോർ സേവേറിയോസ്, കുര്യാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, കെ. ഫ്രാൻസിസ് ജോർജ്ജ് എം. പി., മുൻമന്ത്രി ഷെവ. ടി. യു. കുരുവിള എന്നിവർ പ്രസംഗിച്ചു.

തുടർന്ന് കബറിങ്കൽ അഖണ്ഡപ്രാർത്ഥന നടത്തപ്പെട്ടു. ശനിയാഴ്ച രാവിലെ സ്തേഫാനോസ് പള്ളിയിൽ അഭി. യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലീത്ത വി.കുർബ്ബാന അർപ്പിച്ചു. 5 മണിക്ക് ദയറായിൽ ശ്രേഷ്ഠ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയെത്തുടർന്ന് 8 മണിക്ക് ദയറാപള്ളിയിൽ പരി. പാത്രിയർക്കീസ് ബാവായുടെ പ്രതിനിധി ആർച്ച് ബിഷപ്പ് മോർ ഗ്രീഗോറിയോസ് ശെമവൂൻ സ്ലീബായുടെ പ്രധാന കാർമ്മികത്വത്തിൽ കുർബ്ബാന അർപ്പിക്കപ്പെട്ടു. തുടർന്ന് പെരുന്നാൾ സമാപിച്ചു. (കടപ്പാട്: വിശ്വാസസംരക്ഷകൻ)

# കല്ലുങ്കത്രപള്ളിയിൽ സംഘർഷം സൃഷ്ടിക്കുവാൻ മെത്രാൻകക്ഷികൾ ശ്രമിക്കുന്നു: ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

സമാധാനപരമായി ആരാധന നടത്തിവരുന്ന ദേവാലയങ്ങളിൽ സംഘർഷങ്ങൾ സൃഷ്ടിച്ചും അസത്യപ്രചരണങ്ങൾ നടത്തുന്നതിനുമാണ് മെത്രാൻകക്ഷി വിഭാഗം ശ്രമിക്കുന്നതെന്ന് യാക്കോബായ സഭ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി അഭി. ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത പ്രസ്താവിച്ചു. കോട്ടയത്ത് പത്രസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോട്ടയം ഭദ്രാസനത്തിലെ ഒരു ദേവാലയത്തിലും ഇപ്പോൾ പ്രശ്നങ്ങൾ നിലവില്ല. കല്ലുങ്കത്ര സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനിപള്ളി സംബന്ധിച്ച് മെത്രാൻകക്ഷികൾ കൊടുത്ത കേസ്സ് വിസ്താരത്തിന്റെ അവസാനഘട്ടത്തിലാണ്. മറ്റുചില ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് മെത്രാൻകക്ഷികളുടെ നീക്കം.

അടുത്ത ദിവസങ്ങളിലായി വടകര, കണ്ടനാട്, കണ്യാട്ടുനിരപ്പ് എന്നീ ദേവാലയങ്ങളിൽ സംഘർഷങ്ങൾ സൃഷ്ടിക്കാൻ മെത്രാൻകക്ഷികൾ ശ്രമം നടത്തുന്നു. 75 വർഷങ്ങളായി നടന്നുവരുന്ന മഞ്ഞനിക്കര തീർത്ഥാടകരെ ആക്രമിക്കുവാൻ തിരുവല്ലായിൽവെച്ച് ശ്രമിച്ചു. അടുത്തകാലത്ത് മുളപ്പുറം, ചാത്തമറ്റം, കുന്നയ്ക്കാൽ എന്നീ ഇടവകപള്ളികളിൽ മെത്രാൻകക്ഷികൾ കൊടുത്ത കേസുകൽ കോടതി നിരുപാധികം തള്ളുകയാണുണ്ടായത് തിരുമേനി പറഞ്ഞു.

1817-ൽ സ്ഥാപിതമായ കല്ലുങ്കത്ര യാക്കോബായ സുറിയാനി പള്ളി പാത്രിയർക്കീസ് ബാവായുടെ വിധേയത്വത്തിലും പരി. പാത്രിയർക്കീസ് ബാവാ നിയമിച്ചാക്കുന്ന മെത്രാപ്പോലീത്തമാരുടെ ഭരണത്തിൻ കീഴിൽ മാത്രമാണ് ഭരണം നടത്തിവരുന്നത്. 1981-ൽ ഇരുവിഭാഗവും അവരവരുടെ പൊതുയോഗ നിശ്ചയമനുസരിച്ച് തയ്യാറാക്കിയ ഉടമ്പടി അനുസരിച്ചാണ് ഇക്കാലമത്രയും ഭരണം നടന്നുപോന്നത്. പ്രസ്തുത തീരുമാനം അനുസരിച്ച് കല്ലുങ്കത്ര യാക്കോബായ സുറിയാനിപള്ളിയിൽ യാക്കോബായ വിഭാഗത്തിന് മാത്രം സർവ്വ സ്വാതന്ത്ര്യത്തോടുകൂടി ആരാധന നടത്തുവാൻ തീരുമാനമായി. മണലേൽപള്ളി മെത്രാൻകക്ഷിക്ക് പൂർണ്ണ സ്വാതന്ത്ര്യത്തോടെ ഉപയോഗിക്കുന്നതിനും നിശ്ചയിച്ചിട്ടുള്ളതാണ്.

മെത്രാൻകക്ഷികൾക്ക് ശവസംസ്കാരത്തിന് സെമിത്തേരി ഉപയോഗിക്കുന്നതിന് തീരുമാനമുള്ളതാണ്. നാളിതുവരെ ആവക കാര്യങ്ങൾ തടസ്സം കൂടാതെ നടന്നുവരുന്നു. എന്നാൽ മണലേൽ പള്ളി വികാരിയായി നിയമിതനായ ഫാ. കെ. എം. സ്കറിയ, കൂടത്തിങ്കൽ താനാണ് കല്ലുങ്കത്രപള്ളിയുടെ വികാരിയെന്ന് പ്രഖ്യാപിക്കണമെന്നും 190 വർഷം പഴക്കമുള്ള കല്ലുങ്കത്ര യാക്കോബായ പള്ളിയിൽ നടത്താൻ ഉദ്ദേശിക്കുന്ന പുനരുദ്ധാരണ പണികൾ തടയണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കോട്ടയം മുൻസിഫ് കോടതിയിൽ ഒ. എസ്. 520/2006 നമ്പരായി കേസ് ഫയൽ ചെയ്തു. ഈ കേസ് 1981 -ലെ ഉടമ്പടിക്ക് വിരുദ്ധമാമ്. എന്നാൽ ബഹുമാനപ്പെട്ട കോടതി കല്ലുങ്കത്ര സെന്റ് ജോർജ്ജ് യാക്കോബായ പള്ളിയുടെ അറ്റകുറ്റപണികൾ നിലവിലുള്ള പള്ളിക്ക് വ്യത്യാസം വരുത്താതെ നടത്തുന്നതിന് അനുവാദം നൽകി. തുടർന്ന് ഇദ്ദേഹം പോലീസിലും കോടതിയിലും വീണ്ടും കേസുകൾ നല്കി. ഇങ്ങനെ കല്ലുങ്കത്ര സെന്റ് ജോർജ് പള്ളിയിൽ ഉടമ്പടിക്ക് വിരുദ്ധമായി പ്രവർത്തിച്ച് സമാധാനാന്തരീക്ഷം തകർക്കുന്നതിന് ഇദ്ദേഹം ശ്രമിച്ചുകൊണ്ടിരുന്നു.

10-02-2008 ശനിയാഴ്ച കല്ലുങ്കത്ര യാക്കോബായ സുറിയാനി പള്ളിയിലെ സത്യവിശ്വാസികൾ മഞ്ഞിനിക്കര പെരുന്നാളിൽ സംബന്ധിക്കുന്നതിന് പോയ സമയത്ത് രാവിലെ 8.30-ന് കല്ലുങ്കത്ര സെന്റ് ജോർജ് പള്ളി സെമിത്തേരിയിൽ ഫാ. സഖറിയാസും ചില ആളുകളും ധൂപപ്രാർത്ഥന നടത്തുന്നതിന് എത്തി. കല്ലുങ്കത്രപള്ളിയുടെ പ്രധാന ഗേറ്റുകൾ ഞായറാഴ്ചകളിലും മറ്റ് വിശേഷ ദിവസങ്ങളിലും കല്യാണം, ശവസംസ്ക്കാരം തുടങ്ങിയ കാര്യങ്ങൾക്കുമാത്രമാണ് തുറന്നിടുന്നത്. മറ്റു ദിവസങ്ങളിൽ പ്രധാന ഗേറ്റിന് സമീപമുള്ള ചെറിയ ഗേറ്റ് 24 മണിക്കൂറിലും തുറന്നിടാറുണ്ട്. എന്നാൽ ധൂപപ്രാർത്ഥന നടത്തുന്നതിനായി ചേറിയ ഗേറ്റിലൂടെ പള്ളി കോമ്പൗണ്ടിൽ കയറി ഫാ. സഖറിയാസും കൂടെ ഉണ്ടായിരുന്ന മണലേൽ മെത്രാൻകക്ഷി പള്ളിയിലെ ചില ഇടവകാംഗങ്ങളും കൂടി സെന്റ് ജോർജ്ജ് പള്ളിയോടു ചേർന്നുള്ള സെന്റ് മേരീസ് സിംഹാസനപള്ളിയുടെ പൂട്ടിക്കിടന്ന ഗേറ്റ് തല്ലിത്തകർത്തു. ഇതു സംബന്ധിച്ച് പോലീസിൽ പരാതി നൽകിയിട്ടുള്ളതാണ്.

തുടർന്ന് 17.02.2008 ഞായറാഴ്ച 11 മണിയോടുകൂടി ഫാ. സഖറിയാസും സാമൂഹ്യവിരുദ്ധരായ 40-ഓളം ആളുകളും കൂടി കല്ലുങ്കത്രപള്ളി സെമിത്തേരിയിൽ എത്തി. പോലീസും ഈ സമയം പള്ളി കോമ്പൗണ്ടിൽ ഉണ്ടായിരുന്നു. സെമിത്തേരിക്ക് വെളിയിൽനിന്ന അച്ചനും സംഘവും ആക്രോശങ്ങളും അസഭ്യവർഷവും നടത്തി. കല്ലുങ്കത്ര യാക്കോബായ പള്ളി ഇടവകാംഗങ്ങൾ സംയമനം പാലിച്ചതിനാൽ മറ്റ് അനിഷ്ട സംഭവങ്ങൾ ഒന്നും ഉണ്ടായില്ല. ഇവർ സെമിത്തേരിയിൽ പ്രവേശിച്ച് ധൂപപ്രാർത്ഥന നടത്തി മടങ്ങി. ഇവിടെ നടന്ന മുഴുവൻ സംഭവങ്ങളും പോലീസിന്റെ സാന്നിദ്ധ്യത്തിലാണ് നടന്നത്. ആരും അച്ചനെയോ മറ്റുള്ളവരെയോ മർദ്ദിക്കുകയോ വാഹനത്തിന് കേടുപാടുകൾ വരുത്തുകയോ ചെയ്തിട്ടില്ല. കല്ലുങ്കത്ര പള്ളിയിൽ സംഘർഷം നടന്നു എന്ന് വരുത്തിത്തീർക്കുന്നതിനായി മർദ്ദനമേറ്റതായി കളവ് പറഞ്ഞ്. കോട്ടയം മെഡിക്കൽ കോളേജ് സമീപത്തുള്ളപ്പോൾ ഒരു സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റായി കല്ലുങ്കത്ര സെന്റ് ജോർജ്ജ് യാക്കോബായ പള്ളി ഇടവാകാംഗങ്ങളുടെ ഭാഗത്തുനിന്നും യാതൊരുവിധത്തിലും കരാർ ലംഘനം നാളിതുവരെ നടത്തിയിട്ടില്ലെന്നും മെത്രാപ്പോലീത്ത പറഞ്ഞു.

# യൂത്ത് അസോസിയേഷൻ തൊടുപുഴ മേഖല രൂപീകരിച്ചു

കണ്ടനാട് ഭദ്രാസനത്തിലെ തൊടുപുഴ മേഖലയിലെ പള്ളികളെ പ്രതിനിധീകരിച്ച് അഭയത്ര സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽ യൂത്ത് അസോസിയേഷൻ ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ഗീവർഗീസ് പനച്ചിയേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തൊടുപുഴ മേഖലയുടെ പ്രസിഡന്റായി ഫാ. ജോൺ തുരുത്തിയേലിനെയും വൈസ് പ്രസിഡന്റുമാരായി ഫാ. ജോസഫ് വെളിയത്തുകുഴി, ബിജു നിരപ്പുകണ്ടം. കൺവീനർ ജോഫി കുന്നപ്പള്ളി, ഖജാൻജിയായി ഐസക്ക് പുന്നവേലിക്കകത്ത് കമ്മറ്റിയംഗങ്ങളായി ജോമോൻ പാറപ്പുറത്തേൽ, ബ്ലസ്സൻ ഐ. ഡി. എന്നിവരെയും തിരഞ്ഞെടുത്തു. യോഗത്തിൽ ഭദ്രാസന പ്രതിനിധികളായ സതീഷ്, ടൈറ്റസ് എന്നിവർ പ്രസംഗിച്ചു. മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും ഊർജ്ജ്വസ്വലമാക്കുവാനും യുവജനങ്ങൾ മുന്നിട്ടിറങ്ങണമെന്ന് വൈസ് പ്രസിഡന്റ് ഫാ. ഗീവർഗീസച്ചൻ ആഹ്വാനം ചെയ്തു.

# പ്രതിഷേധയോഗം

കല്ലുങ്കത്ര സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനിപ്പള്ളിയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുവാനുള്ള മെത്രാൻകക്ഷിയുടെ നീക്കത്തിനെതിരെ ഭദ്രാസന യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പ്രതിഷേധ യോഗം ഫെബ്രുവരി 24-ന് സംഘടിപ്പിച്ചു. കൊച്ചി ഭദ്രാസനാധിപനും പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയുമായ അഭിവന്ദ്യ ജോസഫ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് യോഗം ഉദ്ഘാടനം ചെയ്തു. ഭദ്രാസന സെക്രട്ടറി വന്ദ്യ കുര്യാക്കോസ് കോർ എപ്പിസ്കോപ്പ കിഴക്കേടത്ത് അദ്ധ്യക്ഷത വഹിച്ചു. വൈദീക സെമിനാരി മെത്രാപ്പോലീത്തായും യൂറോപ്പ് ഭദ്രാസനാധിപനുമായ ഡോ. കുര്യാക്കോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത, തുമ്പമൺ ഭദ്രസാനാധിപൻ യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത, നിരണം ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ കൂറീലോസ് മെത്രാപ്പോലീത്ത എന്നിവർ കല്പിച്ചു സംസാരിച്ചു. കല്ലുങ്കത്ര പള്ളി വികാരി വന്ദ്യ ജെയിംസ് കോർ എപ്പിസ്ക്കോപ്പ കണ്ടമുണ്ടാരിയിൽ ഭക്തിപ്രമേയവും ഫാ. കോശി ഏഴരപ്പറയിൽ പ്രതിഷേധ പ്രമേയവും അവതരിപ്പിച്ചു.

കല്ലുങ്കത്ര സെന്റ് ജോർജ് പള്ളി പൂട്ടിക്കുവാനുള്ള മെത്രാൻകക്ഷികളുടെ ബോധപൂർവ്വമായ ശ്രമമാണ് ഇന്ന് യോഗം ചേരുവാനുള്ള കാരണമെന്ന് അഭിവന്ദ്യ തിരുമേനി കല്പിച്ചു. സമാധാനത്തിന്റെ പാതയിൽ മുന്നോട്ടു പോകണമെന്നാണ് യാക്കോബായ സഭയുടെ ആഗ്രഹം എന്നാൽ ബോധപൂർവ്വം പ്രശ്നങ്ങൾ സൃഷ്ടിക്കുവാനും അക്രമവും ഗുണ്ടായിസവും പിൻതുടരുവാനാണ് മെത്രാൻകക്ഷി വിഭാഗം ശ്രമിക്കുന്നത്. പള്ളികൾ പിടിച്ചെടുക്കുക, അല്ലെങ്കിൽ പൂട്ടിക്കുക എന്നതാണ് അവരുടെ ലക്ഷ്യം. സഭാതർക്കം പരിധിവിട്ടുപോകുന്നത് ക്രൈസ്തവസഭക്കാകെ നാണക്കേടാണ്. കേസ് തുടങ്ങിയിട്ട് 100 വർഷമായി ഒരു കാര്യത്തിലും ഒരു തീരുമാനവും ഒരു കോടതിയിൽനിന്നും ആർക്കും നേടുവാൻ സാധിച്ചില്ല. യാക്കോബായ സഭ എല്ലായിടത്തും സംയമനം പാലിക്കുന്നു, ആരേയും തോൽപ്പിക്കാനോ എതിർക്കാനോ ആഗ്രഹമില്ല എന്നാൽ യാക്കോബായ സഭയുടെ പൂർണ്ണ നിയന്ത്രണത്തിലിരിക്കുന്ന ദൈവാലയങ്ങളിൽ കയറിവന്ന് വെല്ലുവിളിക്കാൻ ആരും വരരുത്. പോലീസിനെ വിന്യസിക്കാതെ സമാധാനപരമായി ആരാധന നടത്തണമെന്നുള്ളതാണ് സഭയുടെ ആഗ്രഹം.

# വചനിപ്പ് പെരുന്നാൾ

സഭാ കലണ്ടറിൽ ഏറ്റവും പ്രാധാന്യമുള്ള ഒരു ദിനമാണ് മാർച്ച് 25. ദൈവത്തിന്റെ രക്ഷാകര പദ്ധതിക്ക് വിശുദ്ധ ദൈവമാതാവ് തന്നെത്തന്നെ സമർപ്പിച്ച ശ്രേഷ്ഠമേറിയ ദിനത്തിന്റെ ഓർമ്മയാണ് വചനിപ്പ് പെരുന്നാൾ. ദൈവത്തിന്റെ പ്രധാന ദൂതനായ ഗബ്രിയേലിൽനിന്ന് ദൈവപുത്രൻ നിന്നിൽനിന്ന് ജഡമെടുക്കുവാൻ തിരുമനസ്സായി എന്നുള്ള മംഗള വാർത്ത അറിയിച്ചപ്പോൾ വിശുദ്ധ മറിയം ഇതാ ഞാൻ കർത്താവിന്റെ ദാസി. അവിടുത്തെ ഹിതംപോലെ എനിക്കു ഭവിക്കട്ടെയെന്ന് ദൈവ ഇഷ്ടത്തിന് തന്നെത്തന്നെ വിനയപ്പെടുത്തിക്കൊടുത്ത ശ്രേഷ്ഠ ദിനമാണ്.

വിശുദ്ധ ലൂക്കോസിന്റെ സുവിശേഷം 1-ാം അധ്യായം 26 മുതൽ വായിക്കുമ്പോൾ ഇതു കാണും. തുടർന്നുള്ള ഭാഗത്ത് മറിയാം പരിശുദ്ധാത്മാവ് നിറഞ്ഞവളായി പ്രവചിക്കുന്നു. ഈ ഭാഗം വേദശാസ്ത്രജ്ഞന്മാർ മറിയാമിന്റെ പാട്ട് എന്ന നാമകരണം ചെയ്യപ്പെട്ടു. വിമോചനത്തിന്റെ വേദശാസ്ത്രം എന്നും ഈ ഭാഗം അറിയപ്പെടുന്നു. സുറിയാനിസഭയുടെ ക്രമീകരണമനുസരിച്ച് ദുഃഖവെള്ളിയാഴ്ച വചനിപ്പ് പെരുന്നാൾ വന്നാലും വിശുദ്ധ കുർബ്ബാന ചൊല്ലി പെരുന്നാൾ ക്രമത്തിനുശേഷം മാത്രമേ ദുഃഖവെള്ളിയാഴ്ചയുടെ ക്രമം നടത്തുവാൻ അനുവദിച്ചിട്ടുള്ളൂ. ഇതിൽനിന്ന് വചനിപ്പ് പെരുന്നാളിന്റെ പ്രാധാന്യം വ്യക്തമാണ്.

വചനിപ്പ് പെരുന്നാൾ ആചരിക്കുമ്പോൾ നാം മനസ്സിലാക്കേണ്ട ഏറ്റവും വലിയ സന്ദേശം ലോകരിൽ ഏറ്റവും താഴ്ന്ന മറിയാം പ്രാപിച്ച ഔന്നത്യമാണ് ജീവിതത്തിൽ ദൈവത്തിന്റെ സന്നിധിയിലും മനുഷ്യർക്കിടയിലും മാതാവ് കാട്ടിത്തന്ന വിനയം താഴ്മ ഇവ ജീവിതത്തിൽ പ്രവർത്തിപഥത്തിൽ എത്തിക്കുവാൻ നാം ശ്രമിക്കണം. ദൈവത്തിന് എന്നും അപ്രീയമായ അഹങ്കാരവും ഉന്നതഭാവവും നമ്മിൽനിന്ന് പൂർണ്ണമായി നീക്കുവാൻ വചനിപ്പ് പെരുന്നാൾ മുഖാന്തരമായി തീരട്ടെ. ഇന്ന് കുടുംബങ്ങളിലും സമൂഹത്തിലും ഉണ്ടാകുന്ന എല്ലാ അസമാധാനത്തിനും മൂലകാരണം സ്വാർത്ഥതയും അഹങ്കാരവുമാണ്. യെഹസ്ക്കേൽ പ്രവചനം 28-ാം അദ്ധ്യായം വായിക്കുമ്പോൾ ദൈവത്തെ ആരാധിക്കുവാനായി സൃഷ്ടിക്കപ്പെട്ട മാലാഖമാരുടെ അഹങ്കാരം നിമിത്തം അവർ ആയിരുന്ന ഉന്നത സ്ഥാനത്ത്നിന്നും നിപതിച്ച് സാത്താനായി രൂപാന്തരപ്പെട്ടത് നമുക്ക് മനസ്സിലാകും. ഏദന്റെ പറുദീസായിൽ ദൈവകല്പനയെ അവിശ്വസിച്ച് വിലക്കപ്പെട്ട കനിതിന്ന് അനുസരണക്കേടിന്റെ ശിക്ഷപ്രാപിച്ചു. ആദ്യ മാതാപിതാക്കളായ ആദവും ഹൗവ്വയും ചെയ്തതും അഹങ്കാരവും ദൈവത്തെപ്പോലെ ആകുവാനുള്ള ആഗ്രവുമാണ്. മറിയാം രണ്ടാം ഹൗവ്വായായി അനുസരണവും വിനയവും ലോകത്തിന് കാട്ടിത്തന്നു. മാനവകുലത്തിന്റെ എന്നേക്കുമുള്ള രക്ഷയ്ക്കും വീണ്ടെടുപ്പിനും കാരണമായിത്തീർന്ന മനുഷ്യാവതാരത്തിന് തന്നെത്തന്നെ മറിയാം ദൈവത്തിന് വിധേയപ്പെടുത്തി.

വചനിപ്പ് പെരുന്നാളിൽ നാമോർക്കപ്പെടുന്നത് വിശുദ്ധ യോഹന്നാന്റെ സുവിശേഷം ഒന്നാം അധ്യായം ഒന്നാം വാക്യത്തിൽ വായിക്കുന്നതുപോലെ ആദിയിൽ വചനമുണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവമായിരുന്നു. ദൈവമായ വചനം ജഢധാരണം ചെയ്ത ശ്രേഷ്ഠ ദിനമാണ് വചനിപ്പ്.

## രചനകൾ/പരസ്യങ്ങൾ ക്ഷണിച്ചുകൊള്ളുന്നു

കുഞ്ഞുനാളങ്ങൾ എന്ന ബാലപംക്തിയിലേയ്ക്ക് ചെറുകഥ, കവിത, ചിത്രങ്ങൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു. ഇടവകയുമായി ബന്ധപ്പെട്ട ചരമം, വിവാഹം, പ്രാർത്ഥനായോഗങ്ങൾ, സണ്ടേസ്കൂൾ, ഭക്തസംഘടനകൾ തുടങ്ങിയവയുടെ വാർത്തകളും എത്തിച്ച്തരുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുക.

ഉപകാരസ്മരണ, ജന്മദിനം, വിവാഹം, വിവാഹ വാർഷികം, ചരമവാർഷികം, സണ്ടേസ്കൂൾ വാർഷികം, പ്രാർത്ഥനായോഗ വാർഷികം കുടുംബയോഗം തുടങ്ങിയ വിശേഷങ്ങളുടെ പരസ്യങ്ങൾ വളരെ കുറഞ്ഞനിരക്കിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. യൂത്ത് അസോസിയേഷന്റെ പ്രവർത്തനങ്ങൾക്ക് സംഭാവനകൾ നൽകുവാൻ ആഗ്രഹിക്കുന്നവർ യൂത്ത് അസോസിയേഷൻ സെക്രട്ടറിയുമായി ബന്ധപ്പെടുക. ഫോൺ: സെക്രട്ടറി: 9745009151, എഡിറ്റർ: 9446073942, 9249935038.

## വരനെ ആവശ്യമുണ്ട്

യാക്കോബായ യുവതി 5'1'', 29 വയസ് ഒരു കൊല്ലമായി യു.എസ്.എ.യിൽ (ഫ്ളോറിഡായിൽ) R.N. ആയി ജോലി ചെയ്യുന്നു. സമീപകാലത്ത് യു. എസ്. എ. യിൽ ജോലി ലഭിച്ചിട്ടുള്ള യുവാക്കളുടെ മാതാപിതാക്കളിൽനിന്ന് ആലോചന ക്ഷണിച്ചുകൊള്ളുന്നു. പ്രൊഫഷണലുകൾക്ക് മുൻഗണന. ഫോൺ: 0481-2372277, 9495235568

# കർത്താവിൽ നിദ്രപ്രാപിച്ചു

മണർകാട്: കുഴിപ്പുരയിടം പരിപ്പോലോട്ട് മാത്യു (83). ഫെബ്രുവരി 7-ന് നിര്യാതനായി.

മണർകാട്: പറമ്പുകര തൈപ്പറമ്പിൽ അന്നമ്മ(67) ഫെബ്രുവരി 14-ന് നിര്യാതയായി.

മണർകാട്: മണർകാട് കിഴക്കേടത്ത് അന്നമ്മ കോര(92) ഫെബ്രുവരി 14-ന് നിര്യതയായി.

മണർകാട്: മണർകാട് പടിഞ്ഞാറപ്പുറത്ത് ശോശ(98) ഫെബ്രുവരി 16-ന് നിര്യാതയായി.

മണർകാട്: മാലം തെക്കേൽ ഏലിയാമ്മ(72) ഫെബ്രുവരി 28-ന് നിര്യാതയായി.

മണർകാട്: കീച്ചാൽ കണിയാംപറമ്പിൽ ജോസ് കെ. പോൾ (52) ഫെബ്രുവരി 6-ന് നിര്യാതനായി.

# വി. കുമ്പസാരം........

(പേജ് 2-ൽ നിന്നും)

ഈ കൂദാശ കൂടാതെ ദൈവത്തിൽ നിന്നും നേരിട്ടു ഞാൻ പാപമോചനം പ്രാപിച്ചുകൊള്ളാം എന്നു പറയുന്നവർ ഒരു കാര്യം വിസ്മരിക്കുന്നു. കർത്താവ് ലോകത്തിലായിരുന്നപ്പോൾ, തന്റെ അടുക്കൽ പോകാതെ തന്നെ ധിക്കരിച്ചുകൊണ്ട് ഞാൻ യഹോവയിൽ നിന്നു മോചനം പ്രാപിച്ചുകൊള്ളാം എന്ന് ഒരു സത്യ അനുതാപി പറകയില്ലായിരുന്നു. ദൈവത്താൽ നിശ്ചയിക്കപ്പെട്ട മാർഗ്ഗമാകുന്ന മിശിഹായുടെ സന്നിധിയിൽ അവൻ വരുമായിരുന്നു.

ഞാൻ പാപം ചെയ്തുപോയി എന്ന് ഏറ്റുപറഞ്ഞ ചിലരെ വി. വേദത്തിൽ കാണാം.

**കുമ്പസാരം; ദൃശ്യഭാഗം, അദൃശ്യ ഫലങ്ങൾ**

ദൃശ്യഭാഗം: - 1. അനുതാപി ആത്മിക പിതാവിന്റെ മുമ്പിൽ തന്റെ പാപങ്ങൾ വായ്കൊണ്ട് ഏറ്റുപറയുന്നത്.

2. ആത്മിക പിതാവ്, അവനു നൽകുന്ന പാപമോചനം (കുമ്പസാരക്രമം).

അദൃശ്യഫലങ്ങൾ:-

1. ഏറ്റുപറച്ചിൽ മൂലം ഉടനെ പ്രാപിക്കുന്ന മോചനം. യോ. 20:23, 20:31 ലൂ. 18:14.
2. ദൈവത്തോടുള്ള നിരപ്പ് (റോ. 5:1-2, 2 കോ. 5:19)
3. പാപത്തിന്റെ നിത്യശിക്ഷയിൽ നിന്നുള്ള സ്വാതന്ത്ര്യവും നിത്യജീവനിലേക്കുള്ള പ്രത്യാശയും ലൂ. 19:7-9, 23:42-43. മാർ ഈവാനിയോസു പറയുന്നു. ഈ കൂദാശയിൽ ദൈവിക കൃപയുടെ അദൃശ്യപ്രവർത്തനത്തിൽ ശക്തിയും, അതിന്റെ അധികാരവും എല്ലാ മനുഷ്യരുടെയും പാപങ്ങൾക്ക് മോചനം കൊടുക്കത്തക്കവണ്ണമുള്ളവയത്രെ. അതിന് അതിരില്ല, യഥാർത്ഥ അനുതാപവും, ഏറ്റുപറച്ചിലും, വിശ്വാസവും, പ്രത്യാശയും മുന്നിട്ടുനിൽക്കുന്നുവെങ്കിൽ മോചിക്കപ്പെടാത്ത യാതൊരു പാപവും ഈ ലോകത്തിലില്ല. പാപക്ഷമയെക്കുറിച്ച് പരാമർശിക്കുന്ന പല ഭാഗങ്ങളും വി. വേദപുസ്തകത്തിൽ കാണാം. 2 പ. 3:9, 1 യോ. 2:1-2. 1:9. അ.പ്ര. 2:37-38. 8:22.

എല്ലാ പാപങ്ങൾക്കും മോചനമില്ല. വിഗ്രഹാരാധന - കൊലപാതകം, വേശ്യാദോഷം ആദിയായവക്ക് - എന്ന് പഠിപ്പിച്ചിരുന്ന മൊന്താനോസിനെയും അനുയായികളേയും 2-ാം നൂറ്റാണ്ടിൽ സഭ പുറത്താക്കി. 3-ാം നൂറ്റാണ്ടിൽ, പീഡയുടെ സമയത്ത് വിശ്വാസമുപേക്ഷിക്കുന്നവർക്കും മരണകര പാപം ചെയ്യുന്നവർക്കും മോചനമില്ല എന്നു പഠിപ്പിച്ച നോവേഷ്യനേയും കൂട്ടരേയും സഭ ഭ്രഷ്ടരാക്കിത്തള്ളിക്കളഞ്ഞു.

**പ്രായശ്ചിത്ത നിർവ്വഹണം**

അനുതാപിക്കു പ്രായശ്ചിത്തം പാപത്തിന്റെ ഘനവും സ്വഭാവവും അനുസരിച്ച് നിശ്ചയിക്കപ്പെടുന്നു. വി. പൗലൂസ് 1 കോ. 5:1, 5, 2 കോരിന്തി 2:6,8 എന്നീ ഭാഗങ്ങളിൽ പറയുന്നതു ശ്രദ്ധേയമാണ്.

അനുതാപികളുടെമേൽ ശിക്ഷ കല്പിക്കുന്നതിനുള്ള അധികാരം വി. സഭക്ക് ഏല്പിക്കപ്പെട്ടിരിക്കുന്നതായി, വി. ഈറാനിമോസ്, തെർത്തുല്യൻ, വി.സിപ്രിസൻ എന്നിവർ പ്രസ്താവിക്കുന്നുണ്ട്. ഈ ശിക്ഷ ദൈവത്തിന്റെ നീതി പകരം വീട്ടുന്ന ശിക്ഷകളല്ല. പ്രത്യുത അനുതാപിയെ നേർവഴിക്കാക്കുന്നതാണ്. പൈതൃകമായ ശിക്ഷയാണ് (എബ്രാ. 12:6-8, 1 കോ. 11:32) ഈ ശിക്ഷ മൂലം 1) പാപിയുടെ അഹങ്കാരത്തെ താഴ്ത്തുകയും, തന്റെ കുറ്റത്തെക്കുറിച്ചു ബോധവാനാക്കുകയും, പാപത്തെക്കുറിച്ച് വെറുപ്പും നന്നാകുന്നതിനുള്ള ആഗ്രഹവും ഉണ്ടാക്കുകയും ചെയ്യുന്നു.

2) ഈ നിയമങ്ങൾ ഓരോരോ പാപങ്ങൾക്കും വികാരങ്ങൾക്കും എതിരായി നിശ്ചയിക്കപ്പെടുന്നു. ആ പാപങ്ങൾ പാപിയിൽ നിന്നും ഉന്മൂലം ചെയ്യുവാൻ അവ സഹായിക്കുന്നു. ഉദാ: ഭക്ഷണം പ്രിയം X നോമ്പ്, ദ്രവ്യാഗ്രഹം X കാരുണ്യപ്രവർത്തനങ്ങൾ, ജഡമോഹം X വി. കുർബാനയിലുള്ള സംബന്ധം, പ്രാർത്ഥനവേദവായന. പാപി ഈ നിയമങ്ങൾക്കു നല്ല മനഃസാക്ഷിയോടെ കീഴ്പെടുമ്പോൾ പഴയ രോഗത്തെ അവനിൽ നിന്ന് ഉന്മൂലനം ചെയ്യാൻ അവൻ ശ്രമിച്ചുകൊണ്ടിരിക്കും. 3) ഈ നിയമങ്ങൾ അനുതാപിയെ നന്നാക്കുന്നതിനും പുറമെ - പാപത്തിൽ വീഴാതിരിപ്പാൻ മറ്റുള്ളവർക്കു പ്രചോദനം നൽകുകയും ചെയ്യുന്നു.

**സ്വയപരിശോധനക്കു സഹായകമായവ**

"പത്തു കല്പനകൾ, സഭയുടെ കല്പനകൾ, കൂദാശകൾ, 14 മനോ ഗുണ പ്രവർത്തികൾ (പിന്നാലെ ചേർക്കുന്നു) വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവിക പുണ്യങ്ങൾ ഇവയെക്കുറിച്ച് ചിന്തിച്ച് അവയോടുള്ള ബന്ധത്തിൽ വന്നുപോയ തെറ്റുകൾ കണ്ടുപിടിക്കുന്നതിനും മരണകരങ്ങളായ പാപങ്ങൾ, വി. പുതിയ നിയമത്തിൽ വിവരിച്ചിട്ടുള്ള പാപങ്ങൾ (ഗലാ. 5:19-21, എഫേ. 5:4, 1 കോരി. 6:9,10) തുടർന്ന് ദൈവത്തിനു വിരോധമായും മറ്റുള്ളവർക്കു വിരോധമായും ചെയ്ത പാപങ്ങൾ കണ്ടുപിടിക്കുന്നതും ആവശ്യമത്രെ."

ഏറ്റുപറച്ചിലിനുശേഷം 1) തന്റെ പാപങ്ങൾ കൃപയോടെ ക്ഷമിച്ചതിന് ദൈവത്തോടു നന്ദി പറയണം. 2) പട്ടക്കാരൻ നിശ്ചയിക്കുന്ന പ്രായശ്ചിത്തം ചെയ്യണം. 3) ദുർമ്മാർഗ്ഗം വിട്ടു സന്മാർഗ്ഗത്തിലേക്കു തിരിയണം. 4) അനുതാപവും പുണ്യവും പരിശീലിക്കണം.

## ''യുവാക്കൾ ദൈവാനുഭവത്തിലേക്ക് '' പ്രാർത്ഥനാ സമൂഹം രൂപീകരിച്ചു

യാക്കോബായ സഭ കോട്ടയം ഭദ്രാസന യൂത്ത് അസോസിയേഷന്റെ നേതൃത്വത്തിലും കോട്ടയം മെഡിക്കൽ കോളേജിന് സമീപം പ്രവർത്തിക്കുന്ന ആശ്രയ ഗൈഡൻസ് & കൗൺ സിലിംഗ് സെന്ററിന്റെ സഹകരണത്തിലും ''യുവാക്കൾ ദൈവാനുഭവത്തിലേയ്ക്ക്'' എന്ന ഒരു പ്രാർത്ഥനാ സമൂഹം ഉരുത്തിയിരുന്നു. മാസത്തിൽ എല്ലാ രണ്ടാം ശനിയാഴ്ചയും വൈകുന്നേരം 5 മണി മുതൽ 7 മണിവരെ ആശ്രയ ഗൈഡൻസ് സെന്ററിൽ വെച്ച് പ്രാർത്ഥന ഉണ്ടായിരിക്കും. മദ്ധ്യസ്ഥപ്രാർത്ഥന, രോഗികൾക്കുവേണ്ടിയുള്ള പ്രാർത്ഥന തുടങ്ങിയവയോടുകൂടി വിവിധ ഭവനങ്ങളിലായി പ്രാർത്ഥനായോഗങ്ങൾ ക്രമീകരിക്കുന്നു.

മദ്യപാനത്തിനും, പുകവലിക്കും, മയക്കുമരുന്നിനും മറ്റ് ദുശ്ശീലങ്ങളിൽനിന്നുള്ള മോചനത്തിനായി പ്രാർത്ഥിക്കുക, ചികിത്സയും കൗൺസിലിംഗും നൽകുക. സമൂഹത്തിലും സഭയിലും ഇടവകപള്ളികളിലും ഉന്നത സ്ഥാനങ്ങളിൽ വരേണ്ടതായ യുവതീയുവാക്കൾക്ക് നല്ല ഗൈഡൻസ് നൽകുക, മാതാപിതാക്കളോടും സമൂഹത്തോടും ഉള്ള പെരുമാറ്റരീതിയെക്കുറിച്ച് യുവതീയുവാക്കളെ ബോധവാന്മാരാക്കുക, നിസ്സഹായരായി കഴിയുന്ന രോഗികൾക്ക് സഹായം നല്കുക. രോഗശമനത്തിനു വേണ്ടി പ്രാർത്ഥിക്കുക, കോട്ടയം മെഡിക്കൽ കോളേജും, ജില്ലാ ആശുപത്രിയും കേന്ദ്രീകരിച്ച് പ്രവർത്തിക്കുക. അന്തർമുഖരായി കാണപ്പെടുന്ന യുവതീയുവാക്കൾക്കും, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കും കൗൺസിലിംഗിനും ഗൈഡൻസും നൽകുക തുടങ്ങിയ വിവിധ ലക്ഷ്യങ്ങളാണ് പ്രാർത്ഥനാസമൂഹത്തിനുള്ളത് റവ.ഫാ.തോമസ് കുര്യൻ കണ്ടാന്തറ(യൂത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ്), റവ. ഡീ. സനോജ് കരോട്ടേക്കുറ്റ് (ആശ്രയ ഗൈഡ ൻസ് സെന്റർ കോ-ഓർഡിനേറ്റർ), റവ. ഫാ. കെ. കെ. തോമസ് കറുകപ്പടി (കൗൺസില്ലർ), തോമസ് കൊല്ലകൊമ്പിൽ (യൂത്ത് അസോസിയേഷൻ സെക്രട്ടറി) എന്നിവർ നേതൃത്വം നൽകുന്നു.

## അനുമോദനം



എം. ജെ. എസ്. എസ്. എ. കോട്ടയം ഭദ്രാസന സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ട മണർകാട് സെൻട്രൽ സൺഡേ സ്കൂൾ അദ്ധ്യാപകനും പള്ളിയുടെയും യൂത്ത് അസോസിയേഷന്റെയും മുൻ സെക്രട്ടറിയുമായിരുന്ന ശ്രീ സന്ദീപ് ജോർജ് പറമ്പുകരയ്ക്ക് അഭിനന്ദനങ്ങൾ




## വധുവിനെ ആവശ്യമുണ്ട്

- യാക്കോബായ യുവാവ് 30/167 . ഇടത്തരം കുടുംബം, മെഡിക്കൽ റെപ്രസെന്റേറ്റീവ്. ഫോൺ: 9995289721
- യാക്കോബായ യുവാവ് 30/170, ഡിപ്ലോമ ഇൻ ഓട്ടോമൊബൈൽ, അർദ്ധ സർ ക്കാർ സ്ഥാപനത്തിൽ ജോലി. ഏകമകൻ. ഫോൺ: 0481-2372747
- യാക്കോബായ യുവാവ് 33/167 എം. എ. കംപ്ലീറ്റഡ്, പബ്ലിക് ലിമിറ്റഡ് കമ്പനിയിൽ ജോലി. ഫോൺ: 9447849700

## സ്നേഹസ്മരണ



**അലക്സ് പാലാത്തറ**

ജനനം : 6.11.1964
മരണം : 16.03.2006

*Inserted by:* Suresh John

*Best compliments from:*

Regency TILES

*The Fine Art of Living*

**THURUTHIPALLIL AGENCIES**

PAKKIL, KOTTAYAM-12. PH: 0481-2361010 (M) 9447568299

*Authorised Stockist for*

Regency Ceramic Tiles, Sankar Cement, Ultra Tech Cement, Malabar Cement, Zuari Cement, Mycem Cement, Everest A. C. Sheet

Published by St. Mary's Youth Association, Manarcad : For Private Circulation only. Printed at Revi Printers, Kottayam